# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15 | No.5 | കാർത്തികപ്പള്ളി | R.No. 7361/02 | 2015 MAY

e-paper : vedabhimani


## പ്രിങ്കിൾ വെറും ഒരു ഓന്തല്ല





ഒരു വയസ്സുള്ളപ്പോഴാണ് പ്രിങ്കിളിനെ ഓസ്ട്രേലിയക്കാരിയായ സോഫി ഒരു കടയിൽ നിന്ന് വാങ്ങുന്നത്. ഒരു കുഞ്ഞ് ഓന്തായിരുന്നു പ്രിങ്കിൾ. കുഞ്ഞായിരിക്കുമ്പോഴേ അവന്റെ ഇഷ്ടങ്ങളെല്ലാം മനുഷ്യരുടേതുപോലെത്തന്നെയായിരുന്നു. തന്റെ പുതിയ കൂട്ടുകാരൻ ആളൊരു മിടുക്കൻ തന്നെയാണെന്ന് സോഫിക്കു തോന്നി. അങ്ങനെ അവൾ അവനെ പുതിയ ജീവിത രീതികളിലേക്കു കൊണ്ടു വന്നു. സോഫി അവനെ പല കാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങി. സൈക്കിളിൽ പോകാനും വീഡിയോ ഗെയിം കളിക്കാനും ചെറിയ സ്കെയിറ്റിങ് ഷൂവിൽ കയറി പോകാനും പ്രിങ്കിൾ എളുപ്പം പഠിച്ചു. വിദേശ മാധ്യമങ്ങളിൽ ഇതേക്കുറിച്ച് വാർത്തയും വന്നു. അതോടെ പ്രിങ്കിൾ താരമായി. സോഫി ഷോപ്പിങ്ങിനു പോകുമ്പോൾ പ്രിങ്കിളും ഒപ്പം കൂടും. തന്റെ സ്വന്തം ട്രോളിയും ഉരുട്ടിക്കൊണ്ട് സോഫിയുടെ പിന്നാലെ അവനും പോകാൻ തിരക്കുകൂട്ടും. എന്തായാലും പ്രിങ്കിളിന്റെ ടാലന്റ് കണ്ട് ആളുകൾ അത്ഭുതപ്പെട്ട് അവനെ കാണാൻ തിരക്ക് കൂട്ടുകയാണിപ്പോൾ.

## ഓൺലൈൻ മാഷും 260 ലക്ഷം കുട്ട്യോളും..!



ലോകത്തിലെ ഏറ്റവും വലിയ ശിഷ്യസമ്പത്തുമായി ഒരു അധ്യാപകൻ. കേൾക്കുമ്പോൾ തൊണ്ണൂറോ നൂറോ വയസുള്ള ആളാണെന്നു തോന്നിയേക്കാം. എന്നാൽ ഈ അധ്യാപകന്റെ പ്രായമാകട്ടെ വെറും 24 വയസാണ്. കോഡ് അക്കാദമി എന്ന ഓൺലൈൻ സ്കൂളിലെ അധ്യാപകൻ സാക്സിംസാണ് ഇങ്ങനെയൊരു അപൂർവനേട്ടത്തിന് അർഹനായിരിക്കുന്നത്. ലോകമൊട്ടാകെ 260 ലക്ഷം വിദ്യാർത്ഥികളാണ് ഈ ഓൺലൈൻ ടീച്ചറിനുള്ളത്. ആറ് പ്രോഗ്രാം ലാംഗ്വേജുകൾ സൗജന്യമായാണ് കോഡ് അക്കാദമിയിലൂടെ ഇദ്ദേഹം പഠിപ്പിച്ചുവരുന്നത്. കൊളംബിയ സർവകലാശാലയിൽനിന്നു വന്ന സാക്, റയാൻ ബബിൻസ്കി എന്ന സുഹൃത്തിനൊപ്പം 2011-ൽ വെബ്സൈറ്റ് സ്ഥാപിക്കുകയായിരുന്നു. സൈറ്റ് ആരംഭിച്ച് ആഴ്ചകൾക്കുള്ളിൽ രണ്ടു ലക്ഷം പേർ ചേർന്നു.

ഇപ്പോൾ നൂറിലേറെ രാജ്യങ്ങളിൽ നിന്ന് ആളുകൾ കോഡ് അക്കാദമിയിൽ അധ്യയനം നടത്തിവരുന്നു. ആഫ്രിക്കയിലെ അഭയാർഥി ക്യാമ്പിൽ കഴിയുന്നവർ മുതൽ അമേരിക്കയിലെ തൊഴിൽരഹിതരായ വീട്ടമ്മമാർ വരെ ഇന്ന് കോഡ് അക്കാദമിയിൽ നിന്നു വിദ്യ അഭ്യസിക്കുന്നു എന്ന് സിംസ് പറയുന്നു.

## ന്യൂജെൻ ശിശുക്കൾ വരുന്നു!

- മൂലകോശങ്ങളിൽനിന്ന് ഭ്രൂണം സൃഷ്ടിക്കാം.
- സ്വവർഗ ദമ്പതികൾക്കും കുഞ്ഞുങ്ങൾ



ബീജവും അണ്ഡവും ആവശ്യമില്ലാത്ത പുനരുൽപാദന സംവിധാനം ഉടൻ യാഥാർഥ്യമാകുമെന്നു കേംബ്രിഡ്ജ് സർവകലാശാല. ആരോഗ്യമുള്ള വ്യക്തിയുടെ ശരീരത്തിൽനിന്നു ശേഖരിക്കുന്ന കോശങ്ങൾ ഉപയോഗിച്ചു ഭ്രൂണം സൃഷ്ടിക്കാനാണു ശാസ്ത്രജ്ഞർ ഒരുങ്ങുന്നത്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ചാൽ സ്വവർഗ ദമ്പതികൾക്കും കുഞ്ഞുങ്ങൾ ഉണ്ടാകും.

കേംബ്രിഡ്ജ് സർവകലാശാലയിലെയും ഇസ്രയേലിലെ വെയ്സ്മാൻ ഇൻസ്റ്റിറ്റ്യൂട്ടിലെയും ഗവേഷകർ ചേർന്നാണു ശരീരകോശങ്ങളിൽനിന്നു മൂലകോശങ്ങൾ സൃഷ്ടിച്ചത്.

ഇവയിൽനിന്നു അണ്ഡവും ബീജവും സൃഷ്ടിക്കാമെന്നാണു ഗവേഷകർ പറയുന്നത്. രണ്ട് പുരുഷന്മാരുടെ കോശങ്ങൾ ഉപയോഗിച്ചു ഭ്രൂണം സൃഷ്ടിക്കാമെന്ന് അർഥം. ഇതേ രീതിയിൽ രണ്ട് സ്ത്രീകളുടെ കോശം ഉപയോഗിച്ചു പെൺകുഞ്ഞിനെയും സൃഷ്ടിക്കാനാകും. രണ്ടു വർഷത്തിനുള്ളിൽ ഈ സാങ്കേതികവിദ്യയുടെ സഹായത്താൽ കുഞ്ഞുങ്ങൾ ജനിച്ചു തുടങ്ങുമെന്ന് ഗവേഷണ സംഘാംഗം ജേക്കബ് ഹന്ന അറിയിച്ചു.



എന്നാൽ കുട്ടികളില്ലാത്ത ദമ്പതിമാർ ഒഴികെയുള്ളവർ ഈ മാർഗം പിന്തുടരുന്നതിനോട് യോജിപ്പില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. ജനിതക രോഗങ്ങൾ ഉള്ളവർക്കും പ്രത്യുൽപാദന അവയവങ്ങൾക്കു തകരാർ ഉള്ളവർക്കും പുതിയ സാങ്കേതികവിദ്യ അനുഗ്രഹമാകുമെന്നു കേംബ്രിഡ്ജ് സർവകലാശാലയിലെ പ്രൊഫ.അസിം സുരാനി അറിയിച്ചു.

## ദാമ്പത്യഭാരം..!

സ്റ്റീഫൻ-മിഷേൽ ദമ്പതിമാരുടെ ഭാരം താങ്ങാനാകാതെ ബ്രിട്ടൺ ഉഴറുകയാണ്. അമിതഭാരമുള്ള ഈ ദമ്പതിമാർക്ക് മാസംതോറും സർക്കാരിൽ നിന്നു ലഭിക്കുന്നത് രണ്ടുലക്ഷം രൂപയോളം. എന്തിന് പ്രൗഢഗംഭീരമായ വിവാഹം നടന്നതുപോലും സർക്കാർ ചിലവിലായിരുന്നു. 203 കിലോ ഭാരമുള്ള സ്റ്റീഫൻ ബീറും 146 കിലോയുള്ള മിഷേലും ഏതാനും മാസങ്ങൾക്കു മുമ്പാണ് വിവാഹിതരായത്. വിവാഹചടങ്ങുകൾ അവസാനിച്ചു നിമിഷങ്ങൾക്കുള്ളിൽ ശ്വാസംമുട്ടലിനെ തുടർന്ന് 45കാരനായ സ്റ്റീഫനെ ആശുപത്രിയിലും പ്രവേശിപ്പിച്ചിരുന്നു.



© Ken McKay/ITV/REX

3000 പൗണ്ട് (2.8 ലക്ഷം രൂപ) മുടക്കി നടന്ന ആർഭാടപൂർണമായ ആഘോഷങ്ങൾ മുഴുവനും നടത്തിയത് സർക്കാരാണ്. ഇംഗ്ലണ്ടിലെ പ്ലൈമോത്തിലാണ് ഈ വലിയ ദമ്പതിമാർ താമസിക്കുന്നത്. മാസം ഇരുവർക്കും കൂടി അംഗപരിമിതർക്കുള്ള ആനുകൂല്യമായ 2000 പൗണ്ടും (1.9ലക്ഷം രൂപ) സർക്കാരിൽ നിന്നു ലഭിക്കുന്നു. ഇവർ താമസിക്കുന്ന ഫ്ളാറ്റിന്റെ മാസവാടകയായ 397 പൗണ്ടും സ്റ്റീഫനെ കുളിപ്പിക്കാൻ ദിവസേന എത്തുന്ന ജോലിക്കാരന്റെ വാർഷിക ശമ്പളമായ 8000 പൗണ്ടും നികുതിദായകരുടെ പോക്കറ്റിൽ നിന്നും പോകുന്നു. ഇങ്ങനെയൊക്കെ ആണെങ്കിലും അഞ്ചു തവണയാണ് സ്റ്റീഫൻ കല്യാണം കഴിച്ചത്. ഈ ബന്ധങ്ങളിൽ നിന്നുമായി ആറു കുട്ടികളും ഇയാൾക്കുണ്ട്. മിഷേലിനാകട്ടെ പൂർവവിവാഹങ്ങളിൽ നിന്നുമായി ഏഴു കുട്ടികളും. അമിതവണ്ണമുള്ളവർക്ക് ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുന്ന തിൻ ഓൺ എന്ന കമ്പനിയുടെ ചികിത്സയിലാണ് ഇപ്പോൾ ഈ ദമ്പതിമാർ.


**വേദാഭിമാനി**

**വായിക്കുക-പ്രതികരിക്കുക**

**ടൈറ്റസ് കാർത്തികപ്പള്ളി**

കേരള-690516

9847232598

9847990939

vedabhimani@gmail.com


## വേദാഭിമാനി 25-ാം വാർഷികാഘോഷം




ഗോസ്പൽ ടീമിന്റെയും പബ്ലിക്കേഷന്റേയും 25-ാം വാർഷികവും ക്രൈസ്തവ വിജ്ഞാന പത്രമായ വേദാഭിമാനിയുടെ 15-ാം വാർഷികവും ആഘോഷിക്കുന്നു. ആഘോഷങ്ങളോടനുബന്ധിച്ച് നടക്കുന്ന സമ്മേളനത്തിൽ പിടിവലി, കടിപിടി, പീഡന രാഷ്ട്രീയ നേതാക്കന്മാർ, ഇന്റർനെറ്റിൽ പ്രചാരമുള്ള നടികൾ, മതനേതാക്കൾ ആരും പങ്കെടുക്കുന്നതല്ല. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയോ ഗവർണർ അധ്യക്ഷത വഹിക്കുകയോ ചെയ്യുന്നതല്ല. ആഘോഷത്തോടനുബന്ധിച്ച് സിനിമാറ്റിക് ഡാൻസ്, മെഗാഷോ, അലറിപാട്ട്, നാടൻ പാട്ട് തുടങ്ങിയ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതല്ല.

പ്രിയമുള്ളവരേ, ദൈവിക സ്ഥാപനത്തിനും ദൈവമക്കൾക്കും ഈ ഭൂമിയിൽ എന്ത് വിജയാഘോഷം? സുവിശേഷവും രക്ഷയുടെ സന്തോഷവും അതല്ലേ നമ്മുടെ ആഘോഷം. നാം എന്തു നേടി എന്ന് അറിയാനിരിക്കുന്നതേയുള്ളൂ. വരാനിരിക്കുന്ന മഹാസമ്മേളനത്തിൽ യേശുവിനോടൊപ്പം ആ മഹാസന്തോഷം ഞങ്ങൾ ആഘോഷിക്കും... എന്താ അതു പോരേ?


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |




## നീതിമാനായ ന്യായാധിപൻ

**ചി**ലരുടെ മനസ്സിൽ ഒരു സംശയം ഉദിക്കാം. "ഒരു പിതാവ് ക്ഷമിക്കുന്നതുപോലെ നല്ലവനായ ദൈവത്തിന് നമ്മുടെ പാപങ്ങളെ ഗണ്യമാക്കാതെ നമ്മോട് ക്ഷമിച്ചുകൂടേ?" ഒരു മകൻ വിലപിടിപ്പുള്ള ഒരു വസ്തു നഷ്ടപ്പെടുത്തുകയോ തറയിൽ വീഴ്ത്തി ഉടച്ചുകളകയോ ചെയ്താൽ ദുഃഖത്തോടെ ക്ഷമാപണം നടത്തുമ്പോൾ ക്ഷമിക്കാത്ത പിതാക്കന്മാരുണ്ടോ? എന്നാൽ ഇതുപോലെയുള്ള കാര്യങ്ങൾ ധാർമ്മിക പ്രശ്നങ്ങളല്ല എന്ന് നാം മനസ്സിലാക്കണം. ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ചുള്ള വീഴ്ചയാണെങ്കിൽ ദൈവം ഉടനടി ക്ഷമിക്കും. എന്നാൽ പാപം ഒരു ധാർമ്മിക പ്രശ്നമായതിനാൽ ഇതുപോലെ ക്ഷമിക്കുക സാദ്ധ്യമല്ല.

ഒരു മനുഷ്യൻ ഒരു ന്യായാധിപനാണെങ്കിൽ തന്റെ മുമ്പാകെ വിസ്താരത്തിലായിരിക്കുന്ന മകനോട് "ഞാൻ നിന്നെ സ്നേഹിക്കുന്നു, നിന്നോട് ക്ഷമിക്കുന്നു. നിന്നെ ശിക്ഷിക്കുന്നില്ല" എന്ന് പറയാൻ കഴികയില്ല. അല്പം എങ്കിലും നീതിബോധമുള്ള ഒരു ന്യായാധിപനും അങ്ങനെ പറയുകയില്ല. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട നമ്മിൽ വെളിപ്പെടുന്ന നീതിബോധം സർവ്വശക്തനായ ദൈവത്തിന്റെ സമ്പൂർണ്ണമായ നീതിയുടെ ഒരംശം മാത്രമാണ്. തന്മൂലം നാം ഗുരുതരമായ തെറ്റുചെയ്യുമ്പോൾ ന്യായാധിപനായ ദൈവത്തിന് നമ്മെ ശിക്ഷിക്കാതെ വിടുക സാധ്യമല്ല. ആ കോടതിയിൽ തന്റെ കുറ്റകൃത്യം ഓർത്ത് മകൻ എത്രമാത്രം അനുതപിച്ചാലും പിതാവ് ന്യായാധിപനാകയാൽ അവനെ ശിക്ഷിക്കാതിരിക്കാൻ കഴിയില്ല. ആ മകൻ ഒരു ബാങ്ക് കൊള്ളയടിച്ചു എന്ന് വിചാരിക്കുക. പിതാവ് നിയമാനുസൃതം ഒരു പത്തുലക്ഷം രൂപാ പിഴയടയ്ക്കാൻ വിധിക്കുന്നു. പിഴയടയ്ക്കാൻ മകന് മാർഗ്ഗമില്ലാത്തതിനാൽ അവൻ ജയിലിൽ പോയേ തീരൂ. എന്നാൽ പിതാവ് ന്യായാസനത്തിൽ നിന്ന് എഴുന്നേറ്റ് ന്യായാധിപന്റെ വേഷം അഴിച്ചുവച്ച് താഴെ ഇറങ്ങി തന്റെ ചെക്കുബുക്കെടുത്ത് തന്റെ ആയുഷ്കാല സമ്പാദ്യമായ പത്തുലക്ഷം രൂപയുടെ ഒരു ചെക്ക് മകന് പിഴ അടയ്ക്കാനായി കൊടുക്കുന്നു. പിതാവിന് മകനോട് സ്നേഹം ഇല്ല എന്ന് പറയാൻ കഴിയുമോ? ഒരിക്കലും കഴിയില്ല. അതുപോലെ, താൻ ഒരു ന്യായാധിപനല്ല എന്നും പറയാൻ കഴിയില്ല. കാരണം മകന്റെ കുറ്റകൃത്യത്തിന് തക്കതായ ശിക്ഷയും വിധിച്ചു കഴിഞ്ഞു. ദൈവം നമുക്കുവേണ്ടി ചെയ്തതും ഇതുതന്നെയാണ്. നീതിമാനായ ന്യായാധിപൻ എന്ന നിലയിൽ നാം ഏവരും പാപത്തിന്റെ ശിക്ഷയായ മരണത്തിന് അർഹരാണെന്ന് അവിടുന്ന് വിധിച്ചെങ്കിലും, സ്വയം മനുഷ്യനായി ഭൂമിയിൽ വന്ന് ആ ശിക്ഷ ഏറ്റുവാങ്ങി.

ഇറ്റാലിയൻ സാമൂഹിക പരിഷ്കർത്താവായിരുന്നു ഗാരിബാൾഡി. അദ്ദേഹത്തിന്റെ പ്രസംഗവും ജീവിതവും ആയിരക്കണക്കിനു യുവാക്കളെ സ്വാധീനിച്ചിരുന്നു. സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടാൻ ഗാരിബാൾഡിയുടെ ജീവിതം ആയിരക്കണക്കിനു യുവാക്കൾക്കു പ്രചോദനമേകി.

ഒരിക്കൽ അദ്ദേഹം നടത്തിയ ഒരു തീപ്പൊരി പ്രസംഗം കേട്ടതിനു ശേഷം ഒരു യുവാവ് അദ്ദേഹത്തെ സമീപിച്ചു ചോദിച്ചു. 'സർ, ഞാൻ യുദ്ധം ചെയ്യുകയാണെങ്കിൽ എന്റെ പ്രതിഫലം എന്തായിരിക്കും?'

ഗാരിബാൾഡിയുടെ മറുപടി ദൃഢനിശ്ചയത്തോടെയായിരുന്നു. 'മുറിവുകൾ, വ്രണങ്ങൾ, പരുക്കുകൾ, ഒരുപക്ഷേ മരണവും സംഭവിക്കും. എന്നാൽ ഒന്നോർത്തു കൊൾക, നിങ്ങളുടെ മുറിവുകളിലൂടെ ഇറ്റലി സ്വതന്ത്രയാകും.'

വില നൽകാതെ മോചനം സാധ്യമല്ല. മുറിവുകളും നൊമ്പരങ്ങളും ഏൽക്കാതെ സ്വാതന്ത്ര്യം ലഭിക്കുന്നില്ല. സകല മനുഷ്യരെയും അന്ധകാരത്തിൽ നിന്നു മോചിപ്പിക്കുവാനാണ് ക്രിസ്തു തന്റെ ജീവൻ ബലി നൽകിയത്.

# അവരുടെ രാഷ്ട്രീയവും നമ്മുടെ വിശ്വാസവും



**ക**മ്മ്യൂണിസ്റ്റ് നേതാവായ എ.ബി.ബർദ്ദാൻ തൊണ്ണൂറു വയസു പിന്നിട്ട വാർത്ത പലരും ശ്രദ്ധിച്ചിരിക്കില്ല. ഒരു പക്ഷേ, അധികാരത്തിന്റെ പരിവേഷം ഇല്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹത്തിന്റെ ജന്മദിനം ആഘോഷമാക്കാൻ ആരും തയാറാകാത്തത്. അങ്ങനെയല്ലെങ്കിലും അത്തരം ചടങ്ങുകളോടു തനിക്ക് ആഭിമുഖ്യമില്ലെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുള്ളതാണ്. അതുകൊണ്ടാണല്ലോ അനുഭവസമ്പന്നമായ ജീവിതം രേഖപ്പെടുത്തുന്നതിനോട് ബർദ്ദാൻ മുഖം തിരിഞ്ഞു നിൽക്കുന്നത്. ആത്മകഥാ രചനയെ ആത്മപ്രശംസയായും അന്യരെ കുറ്റക്കാരാക്കാനുള്ള അഭ്യാസവുമായാണ് അദ്ദേഹം കാണുന്നത്. പാർലമെന്ററി വ്യാമോഹത്തിൽ പെട്ട് ചെകുത്താനു സ്വയം വിൽക്കാൻ തയാറാകാതെ അധികാരത്തിലും പണസമ്പാദനത്തിലും നിന്ന് അദ്ദേഹം ഓടി മാറി. പണം കണ്ട് പാമ്പെന്നു വിചാരിച്ച് ഓടിപ്പോയ പാക്കനാരെപ്പോലെ. സി.പി.ഐ. ജനറൽസെക്രട്ടറിയായിരുന്ന കാലത്ത് ഡൽഹിയിൽ ഒരു ബംഗ്ലാവ് അദ്ദേഹത്തിന് സർക്കാർ അനുവദിച്ചിരുന്നതാണ്.

എന്നാൽ ആ ബംഗ്ലാവിൽ ഒരു രാത്രി പോലും ചെലവിട്ടില്ലെന്നു തന്നെയല്ല, ഇക്കഴിഞ്ഞ മുപ്പതു കൊല്ലമായി അജയ് ഭവനിലെ ഒറ്റമുറിയായിരുന്നു അദ്ദേഹത്തിന്റെ കൊട്ടാരമെന്നു പലരും അറിഞ്ഞിരുന്നുമില്ല. കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ ഉയർച്ചകൾക്കും തകർച്ചകൾക്കും സാക്ഷിയായ അദ്ദേഹത്തിന് ഒരിഞ്ചു മണ്ണുപോലും സ്വന്തമായില്ലെന്നത് ഒരുപക്ഷെ, ചിലരെയെങ്കിലും അത്ഭുതപ്പെടുത്തിയേക്കാം. സമ്പന്നതയുടെ ശാദ്വലങ്ങൾ തേടിയായിരുന്നില്ല ബർദ്ദാന്റെ തലമുറയിൽ പെട്ടവർ പൊതുജീവിതത്തിലെത്തിയത്. ഒരു നല്ല നാളെയെക്കുറിച്ചുള്ള സ്വപ്നങ്ങൾ ഹൃദയത്തിലേറ്റിയവരായിരുന്നു അവർ. പലപ്പോഴും അതിനവർക്കു കനത്ത വില നൽകേണ്ടി വന്നിട്ടുണ്ട്. ചിലപ്പോൾ സ്വന്തം ജീവൻ പോലും. ഈ തലമുറയ്ക്ക് ഇതെല്ലാം വെറും കെട്ടുകഥകൾ മാത്രമായിരിക്കും.

എന്തിനായിരുന്നു ഈവിധം സ്വന്തം ജീവിതത്തെ ബലി അർപ്പിച്ചത്. നമ്മെപ്പോലെ വികാരങ്ങളും അഭിലാഷങ്ങളും മോഹങ്ങളും ഉള്ളവരായിരുന്നില്ലേ അവർ? ഒരു കൂരയ്ക്കുള്ള ഭൂമി സ്വന്തമാക്കാൻ നിഷ്പ്രയാസം അവർക്കു കഴിയുമായിരുന്നില്ലേ? പക്ഷേ, അത്തരം ഭൗതിക സുഖങ്ങൾ ഒട്ടുമേ അവരെ ആകർഷിച്ചില്ല. പാവപ്പെട്ടവന്റെ പട്ടിണി പങ്കുവയ്ക്കാനായിരുന്നു അവർ വന്നത്. അവന്റെ കണ്ണീരിലെ ഉപ്പായിരുന്നു അവരുടെ ജീവിതത്തിലെ ഉപ്പ്. അവരിലൊരാളായിരുന്നു ഇ.എം.എസ്. അളവറ്റ സ്വത്തിന്റെ ഉടമകളായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. ദീർഘകാല രാഷ്ട്രീയ ജീവിതത്തിനിടയിൽ രണ്ടുതവണ അദ്ദേഹം മുഖ്യമന്ത്രിയായി. സി.പി.എമ്മിന്റെ ജനറൽ സെക്രട്ടറിയുമായി. അവസാന കാലത്ത് പ്രായത്തിന്റെ പീഡകൾ അലട്ടിയിരുന്നപ്പോൾ പോലും പൊതുജീവിതത്തോട് അദ്ദേഹം വിട പറഞ്ഞില്ല. നിരന്തരമായ പ്രവർത്തനത്തിൽ മുഴുകുകയായിരുന്നു അപ്പോഴും അദ്ദേഹം ചെയ്തത്. ഒടുവിൽ ആറടി മണ്ണു സ്വന്തമായില്ലാതെ അദ്ദേഹം യാത്ര പറഞ്ഞു. മുമ്പ് കുടംബസമേതം തിരുവനന്തപുരത്ത് പാർക്കാനെത്തിയ അദ്ദേഹം ഹൗസിംഗ് ബോർഡിന്റെ (ശാന്തിനഗറിലെ പത്താം നമ്പർ) ഒരു വീട് സ്വന്തമാക്കിയിരുന്നു. പിന്നീട് അതു വിറ്റു. അതിനു ശേഷം മരണം അപഹരിക്കും വരെ ഇ.എം.എസും കുടുംബവും വാടകവീട്ടിലായിരുന്നു വസിച്ചിരുന്നതെന്ന് ഇക്കാലത്ത് എത്ര പേർ ഓർമിക്കുന്നുണ്ടാവും? അദ്ദേഹത്തിന്റെ തലമുറയിൽപെട്ട പല നേതാക്കൾക്കും ഒന്നിൽപരം ഭവനങ്ങൾ സ്വന്തമായിരുന്നുവെന്നു കൂടി ഇവിടെ ഓർമിക്കാവുന്നതാണ്.

ബംഗാളിലെ കമ്മ്യൂണിസ്റ്റ് നേതാക്കൾ ഇക്കാര്യത്തിൽ പ്രത്യേക ജനുസിൽപ്പെട്ടവരായിരുന്നു. ഹരേകൃഷ്ണ കോനാരും പ്രമോദ് ദാസ് ഗുപ്തയും പാർട്ടി ഓഫീസിൽ താമസിക്കുക മാത്രമല്ല ചെയ്തത്. അഴുക്കായ വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കാനും ഭക്ഷണം തയ്യാറാക്കാനും അവർ ആരെയും ആശ്രയിച്ചില്ല. അക്കാര്യത്തിൽ ഗാന്ധിജിയെ തോൽപിച്ച കമ്മ്യൂണിസ്റ്റുകാരായിരുന്നു അവർ. ഈ ജനുസിൽപെട്ട ആളാണ് ത്രിപുര മുഖ്യമന്ത്രിയായ മണിക് സർക്കാർ.

മുമ്പ് കേരളത്തിൽനിന്ന് ഒരുസംഘം അധ്യാപകർ മുഖ്യമന്ത്രിയായിരുന്ന ബുദ്ധദേവ ദാസ് ഗുപ്തയെ കൊൽക്കത്തയിലെ വസതിയിൽ സന്ദർശിച്ചപ്പോഴുണ്ടായ സംഭവം റിപ്പോർട്ട് ചെയ്തിരുന്നു. കേരളത്തിൽ നിന്നു തന്നെ സന്ദർശിക്കാനെത്തിയ അധ്യാപകരെ ഊഷ്മളമായി സ്വീകരിച്ചെങ്കിലും അവർക്കു കൊടുക്കാൻ അദ്ദേഹത്തിന്റെ കൈയിൽ ഒന്നുമുണ്ടായിരുന്നില്ല. അപ്പോൾ അദ്ദേഹം വസതിക്കു പുറത്തുള്ള തട്ടുകടയിൽ നിന്നു ചായ വാങ്ങി കൊടുത്തായിരുന്നത്രേ തന്റെ ആതിഥേയത്വം രേഖപ്പെടുത്തിയത്.

ജവഹർലാൽ നെഹ്റുവിന്റെ പിതാവ് മോട്ടിലാൽ നെഹ്റു അലാഹബാദിലെ ആനന്ദ് ഭവൻ പിന്നീട് രാഷ്ട്രത്തിനു വിട്ടുകൊടുക്കുകയുണ്ടായി. ഇന്ത്യയുടെ പ്രധാനമന്ത്രിയായ നെഹ്റുവിനു പൈതൃക സ്വത്തായി ഒന്നും കിട്ടിയിരുന്നില്ലെന്നും താൻ എഴുതിയ ഗ്രന്ഥങ്ങളിൽ നിന്നുള്ള റോയൽറ്റിയായിരുന്നു അദ്ദേഹത്തിന്റെ സമ്പാദ്യമെന്നും എഴുതപ്പെട്ടിട്ടുണ്ട്.

അങ്ങനെ സ്വാതന്ത്ര്യസമര യാത്രയിലെ വഴിവിളക്കുകളായിരുന്ന അവർക്കൊന്നും സ്വന്തമായി ആറടി മണ്ണില്ലായിരുന്നുവെന്നത് ഒരുപക്ഷേ, അവിശ്വസനീയമായി ഈ തലമുറയ്ക്കു തോന്നാം. ആയിരവും മൂവായിരവും ഏക്കർ ഭൂമി സ്വന്തമായുള്ളവരുടെ നിഴലിലാണല്ലോ അവർ വളർന്നുവന്നത്. ബർദ്ദാനും നെഹ്റുവും എല്ലാം ഭൗതീകവാദികളാണ്. ഈ ലോകത്തിൽ മാത്രം പ്രത്യാശവച്ചിരുന്നവർ എന്നിട്ടും വിശ്വസിച്ചിരുന്ന പ്രമാണങ്ങൾക്കും തത്ത്വസംഹിതകൾക്കും അവർ വിലകൽപ്പിച്ചിരുന്നു. അതിന്റെ മൂല്യം കാത്തുസൂക്ഷിക്കുവാൻ അവർ അതിനു വില നൽകി. എന്നാൽ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്ന, സ്വർഗ്ഗീയ ഭവനം കാംഷിക്കുന്ന നമ്മുടെ നിലപാടും ജീവിതവും കണ്ടാൽ സ്വർഗ്ഗവും നരകവും എന്തിന് ദൈവം ഉണ്ടെന്നുപോലും ആർക്കും തോന്നില്ല.

നൈതികത നഷ്ടപ്പെട്ടവരുടെ തലമുറയായിരിക്കുകയാണ് നമ്മുടേത്. ആത്മീയമായി ദരിദ്രരാണു നാം. അതിനെ മൂല്യത്തകർച്ചയായി മാത്രം വിശദീകരിക്കാനാവില്ല. ക്രിസ്തീയ ജീവിതവും സുവിശേഷവേലയും വരുമാന മാർഗമെന്നതുപോലെ സ്വത്തു സമ്പാദനത്തിനുള്ള എളുപ്പവഴിയുമായിരിക്കുന്നു. അങ്ങനെ ദൈവദാസന്മാർക്ക് ആറടി മണ്ണ് പോരെന്നു വന്നിരിക്കയാണ്. അവർക്ക് ആയിരക്കണക്കിന് ഏക്കർ ഭൂമിയും ബാങ്കുകളിൽ കോടികളുടെ നിക്ഷേപവും വേണം.



# ബാലവേദി



## ശ്രദ്ധ മാറിയാൽ

ഒരുദിവസം ചന്ദ്രവർമ്മ രാജാവ് ഒരു അരുവിയുടെ കരയിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് അക്കരെ നിന്നും ഒരു മരംവെട്ടുകാരൻ വരുന്നത് രാജാവ് കണ്ടത്. അയാളുടെ തലയിൽ ഒരു വലിയ വിറകുകെട്ടുമുണ്ട്. രാജാവ് നോക്കി നിൽക്കുമ്പോൾ വലിയവിറകുകെട്ടും തലയിൽവച്ച് ആ അരുവി ഒറ്റച്ചാട്ടത്തിന് അയാൾ ചാടിക്കടന്നു.

ഇതുകണ്ട് രാജാവ് ഞെട്ടിപ്പോയി. ഒരാൾക്ക് ഇത്രയും ഭാരം തലയിൽവച്ച് അരുവി എങ്ങനെ ചാടിക്കടക്കാൻപറ്റും? രാജാവ് അയാളെ അടുത്തുവിളിച്ചു. എന്നിട്ട് ചോദിച്ചു.

"തനിക്ക് ഒന്നുകൂടി ഈ അരുവി ചാടിക്കടക്കാമോ. എങ്കിൽ ആയിരം സ്വർണ്ണനാണയം തരാം."

ഇതുകേട്ടതും മരംവെട്ടുകാരന് സന്തോഷമായി. അയാൾ ഉടൻതന്നെ വിറകുകെട്ടും തലയിൽ വച്ച് അരുവിക്ക് കുറുകേ ചാടി. പക്ഷേ, ഇത്തവണ അയാളുടെ തലയിൽ നിന്നും വിറകുകെട്ട് അരുവിയിൽ വീണുപോയി.

ഇതുകണ്ട് രാജാവ് ചോദിച്ചു: "തനിക്ക് എന്താ ഇത്തവണ ചാട്ടം പിഴച്ചുപോയത്?"

അപ്പോൾ മരംവെട്ടുകാരൻ പറഞ്ഞു: "ആദ്യതവണ ചാടിയപ്പോൾ എന്റെ തലയിൽ വിറകിന്റെ ഭാരമേ ഉണ്ടായിരുന്നുള്ളൂ. രണ്ടാമത് ചാടിയപ്പോൾ അങ്ങ് എനിക്ക് തരാമെന്നുപറഞ്ഞ ആയിരം സ്വർണ്ണനാണയത്തിന്റെ ഭാരംകൂടിയുണ്ടായിരുന്നു. അപ്പോൾ മനസ്സിന്റെ ശ്രദ്ധ അതിലേക്കായിപ്പോയി. അതാണ് ചാട്ടത്തിൽ ശ്രദ്ധിക്കാൻ പറ്റാതെ പോയത്."

നമ്മുടെ വിജയങ്ങളെ പലപ്പോഴും പരാജയപ്പെടുത്തുന്നത് അത്യാഗ്രഹമാണ് എന്ന് ഈ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു.

## നാലുകാലുള്ള എം.



ലോകത്തെ ഏറ്റവും ചെറിയ കവിത എന്ന ബഹുമതിയുമായി ഗിന്നസ്ബുക്കിൽ ഇടം നേടിയ കവിതയാണിത്. 'നാലുകാലുള്ള എം' (Four legged M) എന്നറിയപ്പെടുന്ന ഈ കവിത എഴുതിയത് അർമേനിയൻ-അമേരിക്കൻ എഴുത്തുകാരനായ ആരാം സരോയൻ ആണ്.

ഒരുപാട് അർത്ഥങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട് ഈ കവിതയിൽ. ഒരക്ഷരത്തിൽ നിന്ന് (M) മറ്റൊരക്ഷരം (N) പതുക്കെ അങ്കുരിക്കുന്ന കാഴ്ചയാണല്ലോ ഈ അക്ഷരത്തിൽ നാം കാണുന്നത്. ഇത് ഭാഷയുടെ ഉത്ഭവത്തെയാണ് സൂചിപ്പിക്കുന്നത്. M എന്ന ശബ്ദം I am (ഞാൻ) എന്ന വാക്കിനെ ഓർമിപ്പിക്കുന്നു. അതിലൂടെ ഈ കവിത അവനവനെക്കുറിച്ചുള്ള ബോധത്തിന്റെ ആവിഷ്ക്കാരവുമാകുന്നു. ഇനിയും ഒട്ടേറെ അർത്ഥങ്ങൾ ഈ കവിതയ്ക്ക് ഉണ്ടാകും. നാൽക്കാലി അക്ഷരം ആളൊരു സംഭവം തന്നെ, അല്ലേ?

## ബിനാലെ

ബൈനിയൽ എന്ന ഇംഗ്ലീഷ് വാക്കിന്റെ ഇറ്റാലിയൻ രൂപമാണ് ബിനാലെ (Biennale). രണ്ടുവർഷത്തിലൊരിക്കൽ എന്നാണ് ഈ വാക്കിന്റെ അർഥം.

'രണ്ടു വർഷത്തിലൊരിക്കൽ നടത്തുന്ന സമകാലിക ദൃശ്യകലാപ്രദർശനം' എന്നാണ് ഇപ്പോൾ ബിനാലെ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. 1895-ൽ വെനീസിലാണ് ഇത്തരത്തിലുള്ള ആദ്യത്തെ കലാപ്രദർശനം നടന്നത്.

2012 ഡിസംബർ മുതൽ 2013 മാർച്ച് വരെ കൊച്ചിയിൽ നടന്ന കൊച്ചി-മുസരിസ് ബിനാലെയാണ് ഇന്ത്യയിലെ ആദ്യ ബിനാലെ. ഇതിന്റെ രണ്ടാം ഭാഗമാണ് ഇപ്പോൾ നടന്നത്.

പ്രാചീന ഇന്ത്യയിലെ പ്രധാന തുറമുഖമായിരുന്ന മുസിരിസിന്റെ പേരാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്.

## നന്മയുള്ള മനസ്സ്



ഒരിക്കൽ ഒരു കുറ്റവാളിക്ക് നെപ്പോളിയൻ ചക്രവർത്തി വധശിക്ഷ നല്കി. പലവട്ടം പിടിക്കപ്പെട്ട്, മുന്നറിയിപ്പു നൽകിയിട്ടും കുറ്റം ആവർത്തിച്ചതിനായിരുന്നു വധശിക്ഷ.

കുറ്റവാളിയുടെ അമ്മ ചക്രവർത്തിയെ സമീപിച്ച് മാപ്പിരന്നു. കരുണ കാട്ടണമേയെന്ന് അപേക്ഷിച്ചു.

"നിങ്ങളുടെ മകൻ കരുണ അർഹിക്കുന്നില്ല". ചക്രവർത്തി ഉറപ്പിച്ചു പറഞ്ഞു.

"ശരിയാണ്. എന്റെ മകൻ ഒരു നന്മയും അർഹിക്കുന്നില്ല. പക്ഷേ, അങ്ങ് അങ്ങനെയല്ല. മനസിൽ സ്നേഹവും ദയയും ഉള്ളവനാണ്." അമ്മ പറഞ്ഞു.

ചക്രവർത്തി അവരെ ചോദ്യഭാവത്തോടെ നോക്കി.

"ആ നന്മ മറക്കാൻ അങ്ങേക്കു കഴിയില്ല. കാരുണ്യം നിറഞ്ഞ ആ മനസിനോടാണ് ഞാൻ മാപ്പ് ചോദിക്കുന്നത്." അവർ കണ്ണീരോടെ പറഞ്ഞു.

ഒടുവിൽ നെപ്പോളിയൻ അവരുടെ അപേക്ഷ കൈക്കൊണ്ടു എന്നാണു കഥ.

നന്മ സ്വഭാവത്തിലുള്ളവർക്ക് ഒരിക്കലും ക്രൂരത കാട്ടാനാവില്ല.

## ഫസ്റ്റ് ഫെയിൽ!

തോൽക്കുക എന്നതിന് ഇംഗ്ലീഷിൽ ഫെയിൽ (Fail) എന്നു പറയും, അല്ലേ? ഈ വാക്കിലെ അക്ഷരങ്ങൾക്ക് ദാ, ഇങ്ങനെയൊരർത്ഥമുണ്ട്.




ഏതു കാര്യവും പരിശ്രമത്തിലൂടെ (Attempt) ആണ് നമ്മൾ പഠിച്ചെടുക്കുന്നത്. എണീറ്റ് നടക്കാനുള്ള ശ്രമത്തിൽ ഒരു കുട്ടി ആദ്യം പലതവണ വീഴും. പക്ഷേ, പിന്നീട് ഓക്കെ ആവും. ഡ്രൈവിങ് പഠിക്കുന്ന കാര്യവും ഒന്നോർത്തുനോക്കൂ. പരാജയങ്ങളിലൂടെ അഥവാ നമുക്കു സംഭവിക്കുന്ന തെറ്റുകളിലൂടെയാണ് നാം ശരി പഠിച്ചെടുക്കുന്നത്! ഇപ്പോൾ Fail എന്ന വാക്കിനോടുള്ള ഇഷ്ടക്കേട് മാറിയില്ലേ?

## വെള്ളം തളിക്കുന്നതിനു പിന്നിൽ



നമ്മൾ ഉണർവ്വില്ലാതെ ഇരിക്കുമ്പോൾ നമ്മുടെ തലച്ചോറും അതേ അവസ്ഥയിൽ മടിപിടിച്ച് ഇരിക്കുകയായിരിക്കും. ശരീരത്തിലെ കോശങ്ങളിൽ നിന്നും പുതിയ സന്ദേശങ്ങളൊന്നും തലച്ചോറിലേക്ക് ചെല്ലുന്നുമുണ്ടാവില്ല.

പക്ഷേ, മുഖത്ത് വെള്ളം ഒഴിക്കുമ്പോൾ സ്ഥിതി മാറും. മുഖത്തെ താപനിലയിൽ വ്യത്യാസം വരും. ആ വിവരം തലച്ചോറിൽ റിപ്പോർട്ട് ചെയ്യും. അപ്പോഴോ? ശരീരതാപനില ക്രമീകരിക്കാനായി തലച്ചോർ പണിതുടങ്ങും. തലച്ചോർ ഉണരുന്നതോടെ നമ്മളും ഫ്രഷ് ആവും. ഇതാണ് മുഖം കഴുകുന്നതിനു പിന്നിലെ ടെക്നിക്! ബോധംകെട്ടിരിക്കുന്നവരെ ഉണർത്താൻ മുഖത്ത് വെള്ളം തളിക്കുന്നത് കണ്ടിട്ടില്ലേ? അതിനു പിന്നിലുള്ള സൂത്രവും ഇതു തന്നെ!



# മുറുകെ പിടിക്കേണ്ട യാഥാർത്ഥ്യങ്ങൾ

കഴിഞ്ഞലക്കം തുടർച്ച 6



ടി.എം. വർഗ്ഗീസ് ഓതറ

## പ്രമാണങ്ങളെ മുറുകെ പിടിക്കേണം

ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറെച്ചുനിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചുതന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവിൻ (2 തെസ്സ.2:15).

പുതിയ നിയമത്തിൽ മുറുകെ പിടിപ്പാൻ പ്രമാണങ്ങൾ ഉണ്ടോ എന്ന് ചിലർ ചിന്തിച്ചേക്കാം. പ്രമാണങ്ങളും കല്പനകളും എല്ലാം പഴയനിയമത്തിലേ ഉള്ളൂ എന്നും ആകയാൽ മുറുകെ പിടിക്കുവാനും ആചരിപ്പാനും പുതിയനിയമത്തിൽ കല്പനകളും പ്രമാണങ്ങളും ഇല്ലെന്നും പറയുന്നവർ കണ്ടേക്കാം. പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്ന കല്പനകളും പ്രമാണങ്ങളും ഓരോന്നായി കുറിക്കുവാൻ തുനിയുന്നില്ല; എന്നാൽ വിശുദ്ധ പൗലോസ് പറയുന്നു: നിങ്ങൾ സകലത്തിലും എന്നെ ഓർക്കുകയും ഞാൻ നിങ്ങളെ ഏല്പിച്ച കല്പനകളെ പ്രമാണിക്കയും ചെയ്കയാൽ നിങ്ങളെ പുകഴ്ത്തുന്നു' എന്ന് (1 കൊരി.11:2). താൻ വീണ്ടും പറയുന്നു "സഹോദരന്മാരേ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു നടക്കുന്ന ഏവരോടും അകന്നുകൊള്ളേണമെന്ന് (2 തെസ്സ. 3:6). അപ്പൊസ്തൊലനായ പത്രോസ് പറയുന്നത് ശ്രദ്ധിക്കുക: വിശുദ്ധ പ്രവാചകന്മാർ മുൻപറഞ്ഞ വചനങ്ങളും നിങ്ങളുടെ അപ്പൊസ്തൊലന്മാർ മുഖാന്തരം കർത്താവും രക്ഷിതാവുമായവൻ തന്ന കല്പനയും ഓർത്തുകൊള്ളേണമെന്നു ഈ ലേഖനം രണ്ടിനാലും ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു (2 പത്രൊ.3:2).

തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന കല്പനകളും പ്രമാണങ്ങളും നമ്മുടെ ഭക്തിക്കാധാരമുള്ളതാകയാൽ അവയെ അനുസരിക്കുകയും പാലിക്കുകയും ചെയ്യേണമെന്ന് ദൈവം ഇച്ഛിക്കുന്നു. ദൈവ കല്പന മുറുകെ പിടിച്ചതിനാൽ യോസേഫിനെ ചെയ്യാത്ത കുറ്റം ചുമത്തി കുണ്ടറയിൽ അടച്ചു. ദൈവീക പ്രമാണത്തെ മുറുകെ പിടിച്ചതിനാൽ ശദ്രക്ക്, മേശക്ക്, അബേദ്-നെഗോ എന്നീ ബാലന്മാർ തീച്ചൂളയിൽ എറിയപ്പെട്ടു. പ്രമാണങ്ങളെ മുറുകെ പിടിച്ച മോർദ്ദേഖായിയേയും തന്റെ കുലത്തേയും കൊന്നുമുടിക്കുവാൻ ഹാമാൻ തുനിഞ്ഞുവെങ്കിലും ദൈവം അതിനു സമ്മതിച്ചില്ല. ദൈവീക കല്പനകളും പ്രമാണങ്ങളും മുറുകെ പിടിച്ച ഭക്തന്മാർ കൊടുക്കേണ്ടിവന്ന വില എത്രയെന്ന് എബ്രായർ 11-ൽ പറഞ്ഞിരിക്കുന്നുവല്ലോ? ഇന്ന് ക്രിസ്ത്യാനികൾ എന്നഭിമാനിക്കുന്ന അനേകർ നമ്മുടെ കർത്താവും അപ്പൊസ്തലന്മാരും പറഞ്ഞിരിക്കുന്ന കല്പനകളും പ്രമാണങ്ങളും അനുസരിക്കാതെ പൂർവ്വന്മാരുടെ സമ്പ്രദായങ്ങളെ മുറുകെ പിടിക്കുന്നവരാണ്. ന്യായപ്രമാണവും പൂർവ്വന്മാരുടെ സമ്പ്രദായങ്ങളും വളരെ ശുഷ്കാന്തിയോടെ പാലിച്ചുവന്ന വി.പൗലോസ് പറയുന്നു: പരിച്ഛേദന ഒന്നുമില്ല, അഗ്രചർമ്മവും ഒന്നുമില്ല, ദൈവകല്പന പ്രമാണിക്കുന്നതത്രേ കാര്യം എന്ന് (1 കൊരി. 7:19).

ആകയാൽ നമ്മുടെ കർത്താവും അപ്പൊസ്തലന്മാരും സുവിശേഷങ്ങളിലും ലേഖനങ്ങളിലും ഉപദേശിച്ചു തന്നിരിക്കുന്ന കല്പനകളും പ്രമാണങ്ങളും മുറുകെ പിടിക്കാം.

### പ്രബോധനം മുറുകെ പിടിക്ക

പ്രബോധനം മുറുകെ പിടിക്ക; വിട്ടുകളയരുതു; അതിനെ കാത്തുകൊൾക, അതു നിന്റെ ജീവനല്ലോ. (സദൃ.4:13).

ജ്ഞാനവും പ്രബോധനവും പ്രാപിപ്പാനും വിവേകവചനങ്ങളെ ഗ്രഹിപ്പാനും പരിജ്ഞാനം, നീതി, ന്യായം, നേർ എന്നിവയ്ക്കായി പ്രബോധനം ലഭിപ്പാനും, അല്പബുദ്ധികൾക്കു സൂക്ഷ്മബുദ്ധിയും ബാലനു പരിജ്ഞാനവും വകതിരിവും നല്കുവാനും, ജ്ഞാനി കേട്ടിട്ടു വിദ്യാഭിവൃദ്ധി പ്രാപിപ്പാനും, ബുദ്ധിമാൻ സദുപദേശം സമ്പാദിപ്പാനുമായി പ്രബോധനം കേൾക്കുവാൻ ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ ആഹ്വാനം ചെയ്യുന്നു (സദൃ.1:2-5). പ്രബോധനത്തെപ്പറ്റി ശലോമോൻ പറഞ്ഞിരിക്കുന്ന ചില വേദഭാഗങ്ങൾകൂടി കുറിക്കുന്നു.

ഭോഷന്മാരോ ജ്ഞാനവും പ്രബോധനം നിരസിക്കുന്നു (സദൃ.1:7).
മകനേ, അപ്പന്റെ പ്രബോധനം കേൾക്ക... (1:8; 4:1).
പ്രബോധനം കേൾക്കായ്കയാൽ അവൻ (ദുഷ്ടൻ) മരിക്കും (5:23).
പ്രബോധനത്തിന്റെ ശാസനകൾ ജീവന്റെ മാർഗ്ഗം ആകുന്നു (6:23).
വെള്ളിയെക്കാൾ എന്റെ പ്രബോധനവും മേത്തരമായ പൊന്നിനെക്കാൾ പരിജ്ഞാനവും കൈക്കൊൾവിൻ (8:10).
പ്രബോധനം കേട്ടു ബുദ്ധിമാന്മാരായിരിപ്പിൻ; അതിനെ ത്യജിച്ചു കളയരുതു (8:33).
പ്രബോധനം പ്രമാണിക്കുന്നവൻ ജീവമാർഗ്ഗത്തിൽ ഇരിക്കുന്നു (10:17).
പ്രബോധനം ഇഷ്ടപ്പെടുന്നവൻ പരിജ്ഞാനം ഇഷ്ടപ്പെടുന്നു... (12:1).
ജ്ഞാനമുള്ള മകൻ അപ്പന്റെ പ്രബോധനഫലം (13:1).
പ്രബോധനം ത്യജിക്കുന്നവനു ദാരിദ്ര്യവും ലജ്ജയും വരും (13:18).
ഭോഷൻ അപ്പന്റെ പ്രബോധനം നിരസിക്കുന്നു (15:5).
പ്രബോധനം ത്യജിക്കുന്നവൻ തന്റെ പ്രാണനെ നിരസിക്കുന്നു (15:32).
നിന്റെ ഹൃദയം പ്രബോധനത്തിനും നിന്റെ ചെവി പരിജ്ഞാന വചനങ്ങൾക്കും സമർപ്പിക്ക (23:12).

(തുടരും)

2014 ഒക്ടോബർ ലക്കം വേദാഭിമാനിയിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി 5



# ഈശ്വരൻ എന്ന യാഥാർത്ഥ്യം

പ്രൊഫ. ടി. ജോൺ മാത്യു

"ഈശ്വരൻ ഉണ്ടെന്നതിന് ഇതുവരെയും വസ്തുനിഷ്ഠമായ തെളിവുകൾ ഇല്ല" എന്നാണ് 'യുക്തിവാദി'കൾ പറയുന്നത്. ഈ വാചകം വിശകലനം ചെയ്ത് പരിശോധിക്കുമ്പോൾ ചില ചോദ്യങ്ങൾ ചോദിക്കേണ്ടതായി വരുന്നു; ആരുടെ കാര്യത്തിലാണ് ആ ആൾ ഉണ്ട് എന്നതിന് ഇതുവരെ വസ്തുനിഷ്ഠമായ തെളിവുകൾ കിട്ടാതിരിക്കുന്നത് എന്ന ചോദ്യത്തിന്റെ മറുപടി എന്താണ്? "ഈശ്വരന്റെ കാര്യത്തിലാണ്" എന്ന് മറുപടി നൽകേണ്ടിവരുന്നു. അടുത്തതായി, "ഈശ്വരൻ ഒഴികെ മറ്റുള്ള എല്ലാവരുടെയും കാര്യത്തിൽ അവർ ഉണ്ട് എന്നതിന് വസ്തുനിഷ്ഠമായ തെളിവുകൾ ഉണ്ടോ" എന്നു ചോദിച്ചാൽ എന്തു മറുപടി പറയും? "ഉണ്ട്" എന്നുതന്നെ ഉത്തരം നൽകുന്നു. ഈ ഉത്തരം നൽകിക്കഴിയുമ്പോൾ "ഈശ്വരൻ ഒഴികെ" എന്നു പറയുന്നതിൽ നിന്ന് ഈശ്വരൻ യഥാർത്ഥത്തിൽ ഉള്ള ആളാണ് എന്നല്ലേ തെളിയുന്നത് എന്ന അടുത്ത ചോദ്യം ഉയർന്നുവരുന്നു. "അങ്ങനെ തെളിയുന്നില്ല" എന്നു മറുപടി പറഞ്ഞ് തടിതപ്പാൻ ശ്രമിച്ചാൽ അത് യുക്തിക്കു നിരക്കാത്ത മറുപടിയായി മാത്രമേ ഇരിക്കുകയുള്ളൂ. "തോമസ് ഒഴികെ എല്ലാവരും" എന്നു പറയുമ്പോൾ തോമസ് എന്ന ആളിനെക്കുറിച്ച് വാസ്തവമായി അറിയുന്നു എന്നാണർത്ഥം, അതുപോലെതന്നെ "ഈശ്വരൻ ഒഴികെ മറ്റെല്ലാവരുടെയും അസ്തിത്വത്തിനു തെളിവുണ്ട്" എന്നു പറയുമ്പോൾ ആ വാചകത്തിൽ നിന്നുതന്നെ ഈശ്വരന്റെ അസ്തിത്വം തെളിയിക്കപ്പെട്ടു കഴിയുന്നു. തെറ്റാണെന്ന പ്രസ്താവന ഉൾക്കൊള്ളുന്ന വാചകമാണ് "ഈശ്വരന്റെ അസ്തിത്വത്തിന് തെളിവില്ല" എന്നത്. Self-contradictory sentence എന്ന് ഇംഗ്ലീഷിൽ പറയുന്ന ഇത്തരം വാചകങ്ങൾ തെറ്റാണെന്ന് തെളിയിക്കേണ്ട ആവശ്യം ഇല്ല; കാരണം അവ തെറ്റാണെന്നതിന്റെ തെളിവ് ആ വാചകങ്ങളിൽ തന്നെയുണ്ട്.

### സങ്കല്പമാണെന്ന വാദം

"ദൈവം ഉണ്ടെന്നു പറയാൻ ആവശ്യമായ തെളിവുകൾ ഇതുവരെ ലഭിച്ചിട്ടില്ല" എന്നു പറയുന്ന 'യുക്തിവാദി'കൾ പരോക്ഷമായി പ്രസ്താവിക്കുന്നത് "ദൈവം ഇല്ല" എന്നുതന്നെയാണ്. യഥാർത്ഥത്തിൽ ഇല്ലാത്ത പലതിനെക്കുറിച്ചും സങ്കല്പിച്ചുകൊണ്ട് നാം ചിന്തിക്കുന്നു; അക്കൂട്ടത്തിൽ പെടുന്നതാണ് ഈശ്വരനെക്കുറിച്ചുള്ള ചിന്തയും എന്ന് അവർ പറയുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ഇല്ലാത്ത പലതിനെയും കുറിച്ചുള്ള സങ്കല്പങ്ങൾ കഥകളിലും പുരാണങ്ങളിലും ഉണ്ട്. ഗ്രീക്ക് പുരാണത്തിൽ ചിറകടിച്ച് പറക്കുന്ന കുതിരയെക്കുറിച്ച് (Pegasus) പറയുന്നുണ്ട്; ഭാരതീയ പുരാണത്തിൽ മനുഷ്യന്റെയും സിംഹത്തിന്റെയും രൂപങ്ങൾ കൂടിച്ചേർന്ന് ഉണ്ടായിരിക്കുന്ന നരസിംഹത്തെപ്പറ്റി പറയുന്നുണ്ട്. യഥാർത്ഥത്തിൽ ഇല്ലാത്ത ഇത്തരം സങ്കല്പങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം കണ്ടെത്തുന്ന ചില കാര്യങ്ങളുണ്ട്; കണ്ണുകളിലൂടെയും തലച്ചോറിലൂടെയും നമ്മുടെ മനസ്സിലേക്ക് പ്രവേശിച്ചിരിക്കുന്ന, യഥാർത്ഥ വസ്തുക്കളുടെ പ്രതിരൂപങ്ങളെ യഥാർത്ഥത്തിൽ നിന്ന് വ്യത്യസ്തമായ വിധത്തിൽ നമ്മുടെ ചിന്താമണ്ഡലത്തിൽ സംയോജിപ്പിച്ച് നിർത്തുമ്പോഴാണ് സങ്കല്പങ്ങൾക്ക് രൂപം നൽകപ്പെടുന്നത്. ഉദാഹരണത്തിന്, കഴുകന്റെ ചിറകുകളും കുതിരയുടെ ശരീരവും യഥാർത്ഥത്തിലുള്ള വസ്തുക്കളാണ്; നമ്മുടെ മനസ്സിലുള്ള അവയുടെ പ്രതിരൂപങ്ങളെ നമ്മുടെ ചിന്താമണ്ഡലത്തിൽ സംയോജിപ്പിച്ച് നിർത്തുമ്പോൾ ചിറകുകളോടുകൂടിയ കുതിര (പറക്കുന്ന കുതിര) എന്ന സങ്കല്പം നമ്മുടെ മനസ്സിലുണ്ടാകുന്നു. അതായത് സങ്കല്പങ്ങൾ യഥാർത്ഥത്തിലുള്ളവ അല്ലെങ്കിലും അവയുടെ ഘടകവസ്തുക്കളെല്ലാം യഥാർത്ഥത്തിലുള്ളവയാണ്. മറ്റൊരു സങ്കല്പമായ നരസിംഹത്തെക്കുറിച്ച് ചിന്തിക്കുക; ആ സങ്കല്പം യഥാർത്ഥമല്ലെങ്കിലും ആ സങ്കല്പത്തിന്റെ ഘടകവസ്തുക്കളായ മനുഷ്യനും (നരൻ) സിംഹവും യഥാർത്ഥത്തിലുള്ള വസ്തുക്കളാണ്. സങ്കല്പങ്ങളുടെ ഘടനയെപ്പറ്റി ഒരു നിമിഷം ചിന്തിച്ചാൽ അവയുടെ ഘടകങ്ങളായ യഥാർത്ഥ വസ്തുക്കൾ എന്തൊക്കെയാണെന്ന് നമുക്ക് മനസിലാകുകയും ചെയ്യും. ചുരുക്കത്തിൽ സങ്കല്പങ്ങളെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ യഥാർത്ഥത്തിൽ ഇല്ലാത്ത യാതൊന്നിനെയുംകുറിച്ച് നാം ചിന്തിക്കുന്നില്ല. യഥാർത്ഥത്തിൽ ഉള്ളവ വാസ്തവത്തിൽ സ്ഥിതിചെയ്യുന്നതിൽ നിന്ന് വ്യത്യസ്ഥമായ വിധത്തിൽ സ്ഥിതിചെയ്യുന്നതായി നാം ചിന്തിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. സങ്കല്പങ്ങളെക്കുറിച്ച് ചിന്തിക്കാൻ നമുക്ക് സാധിക്കും എന്നതുകൊണ്ട് യഥാർത്ഥത്തിൽ ഇല്ലാത്തതിനെപ്പറ്റി ചിന്തിക്കാൻ നമുക്ക് സാധിക്കുമെന്ന് തെളിയുന്നില്ല; തെളിയുമെന്നത് തെറ്റായ അവകാശവാദമാണ്; ഈ തെറ്റായ അവകാശവാദമുന്നയിക്കുന്നവരോട് യഥാർത്ഥത്തിൽ ഇല്ലാത്ത പത്ത് വസ്തുക്കളുടെ വിവരണം നൽകുക എന്ന് നാം ആവശ്യപ്പെട്ടാൽ അവരുടെ വാദത്തിന്റെ യുക്തിഹീനത അവർക്ക് സമ്മതിക്കേണ്ടതായി വരും.

(തുടരും)

# അച്ചൻ പറഞ്ഞ കുമ്പസാര കഥ

ഓട്ടോ ഡ്രൈവറാണ്, ആദ്യവെള്ളിയാഴ്ചകളിൽ നടത്തപ്പെടുന്ന ഉച്ചവരെയുള്ള വചനപ്രഘോഷണം മുടക്കാറില്ല. അവിടെ വച്ചാണ് ആദ്യമയാളെ കണ്ടുമുട്ടുന്നത്. അന്ന വിടെ കുമ്പസാരിപ്പിക്കാൻ പോയതായിരുന്നു. തിരിച്ച് ആശ്രമത്തിലെത്തിച്ചത് അയാ ളായിരുന്നു. വന്ന വഴിക്കും ആശ്രമത്തിലെത്തിക്കഴിഞ്ഞും കുറെ സമയംകൊണ്ട് ജീവ ചരിത്രമെല്ലാം ചുരുക്കത്തിൽ അവതരിപ്പിച്ചു. നല്ല നിലയിൽ കഴിഞ്ഞിരുന്നതാണ്. ഠൗണിൽ നല്ലൊരു കച്ചവടമുണ്ടായിരുന്നു. കടയുടെ പിൻഭാഗത്തായി നാട്ടിലെ മാന്യ ന്മാരു കൂടുന്ന ഒരു ക്ലബ്ബുണ്ടായിരുന്നു. ചീട്ടുകളിയായിരുന്നു അവിടെ മുഖ്യം. സാവ കാശം അതിൽ ചെന്നുപെട്ടു. അവിടെവച്ചു കമ്പനികൂടി മദ്യപാനവും തുടങ്ങി. കച്ച വടം പൊളിഞ്ഞുതുടങ്ങി. എങ്കിലും വീട്ടിൽ ശല്യമൊന്നുമി ല്ലായിരുന്നു. വീട്ടുകാരു നിർബ്ബന്ധിച്ച് കുടിനിർത്താൻ എവി ടെയൊക്കെയോ കൊണ്ടുപോയി. കുറച്ചുകാലത്തേക്കു മര്യാ ദയായിരുന്നു. പിന്നെയങ്ങോട്ടു പഴയതിലും കൊഴയായി, കച്ച വടം നിർത്തി. വീട്ടിൽ അലമ്പായി. ഭാര്യയുടെ സ്വർണ്ണം മുഴു വൻ വിറ്റു. കടം വീട്ടാനും കള്ളുകുടിക്കാനും വസ്തുവും കുറെവിറ്റു. വീണ്ടും ആരൊക്കെയോ ഇടപെട്ട് ഏതൊ ക്കെയോ പ്രാർത്ഥനക്കാരുടെ അടുത്തുകൊണ്ടുപോയി. അവ സാനം രോഗം കണ്ടുപിടിച്ചു. ടൗണിലുള്ള ഒരു കടക്കാരൻ ഇയാളുടെ ബിസിനസ് പൊളിയാൻ ചെയ്ത പണിയാണ്. രണ്ടുപേരും ഒന്നിച്ചായിരുന്നു ചീട്ടുകളിയും വെള്ളമടിയു മൊക്കെ. ഇപ്പോൾ അയാളതെല്ലാം നിർത്തിയെന്നുമാത്രമ ല്ല, ബിസിനസ്സും മെച്ചപ്പെട്ടു. വേറൊരു കടയുംകൂടെ തുട ങ്ങുകയും ചെയ്തു. ഇയാളു കുടിച്ചു കുത്തുപാളയെടുക്കു കയും ചെയ്തു. പ്രാർത്ഥനക്കാരു പറഞ്ഞപ്രകാരം പല പള്ളി കളിലായി നേർച്ചകാഴ്ചകളൊക്കെ നടത്തി. ലോണെടുത്ത് ഒരു ഓട്ടോ വാങ്ങി. ആരാധന എല്ലാമുണ്ടെങ്കിലും അല്പം കാശു കൂടുതലുകിട്ടിയാൽ കുടിച്ചുപോകും. അതു പഴേ കൂടോത്രത്തിന്റെ ബാക്കി കിടക്കുന്നതുകൊണ്ടാണെന്നാണ് ആളുടെ ധാരണ. അതെല്ലാം 'നിർവ്വീര്യ'മാക്കാൻവേണ്ടി ഒരു പ്രാർത്ഥനയൊക്കെ നടത്തി പറഞ്ഞുവിട്ടു.



അതുകഴിഞ്ഞ് രണ്ടുമൂന്നുമാസം കഴിഞ്ഞാണയാളെ കണ്ടത്. 'നിർവ്വീര്യ'മാക്കിയത് ഏറ്റോ എന്നറിയാനുള്ള ജിജ്ഞാസയിൽ അതിനെപ്പറ്റി ചോദിച്ചു.

"ഒരു രക്ഷേമില്ലച്ചാ, കുടിച്ചു പോകുവാ. എന്നാലും എല്ലാ ആദ്യവെള്ളിയാഴ്ചയും ഞാൻ കുമ്പസാരം മുടക്കാറില്ല."

പിന്നീടു പലപ്രാവശ്യം അയാളെ സർക്കാരിന്റെ പട്ടക്കടയുടെയടുത്ത് ഓട്ടോയു മായി കാണാറുണ്ടായിരുന്നെങ്കിലും മനപ്പൂർവ്വം ഒഴിഞ്ഞുമാറി നടന്നു. ഒരുദിവസം ഉച്ച സമയത്ത് കയറിവന്നു. മദ്യത്തിന്റെ മണമുണ്ട്. അയാൾക്കപ്പോൾതന്നെ കുമ്പസാരിക്ക ണം. അതൊഴിവാക്കാൻവേണ്ടി സംസാരം വഴിമാറ്റിവിട്ടു. ഓട്ടത്തെപ്പറ്റിയും മറ്റും ചോദി ച്ചുതുടങ്ങിയപ്പോൾ പുതിയ വരുമാനമാർഗ്ഗത്തെപ്പറ്റി വെളിപ്പെടുത്തി. പഴയ കള്ളുക മ്പനികൾ പലരും ഇപ്പോഴത്തെ അടുത്ത സുഹൃത്തുക്കളാണ്. കുടിക്കാനല്ല, സർക്കാ രിന്റെ കള്ളുകടയിൽനിന്നും സാധനം വാങ്ങി ക്ലബ്ബിലോ അവരു പറയുന്നിടത്തോ എത്തിച്ചുകൊടുത്താൽ മതി. നല്ല വരുമാനമുള്ള പണിയാണ്. പലരും ഫ്രീയായിട്ടു കുടിക്കാനും കൊടുത്തുതുടങ്ങി. അന്നും ഉച്ചയ്ക്ക് ആർക്കോ വാങ്ങിക്കൊടുത്തതിന് സൗജന്യം കിട്ടിയതു വിഴുങ്ങിയിട്ടു വരുന്നവഴി ഓട്ടോ കുഴിയിൽ ചാടി. അത് അവിടെ ത്തന്നെയിട്ടിട്ട് കുമ്പസാരിക്കാൻ വന്നതാണ്.

"അവന്റെ കൈവെഷത്തിന്റെ ബാക്കി കിടക്കുന്നതുകൊണ്ടാ ഇതൊക്കെ". അയാ ളുടെ നിഗമനമതായിരുന്നു.

"മാനം മര്യാദയ്ക്ക് ഓട്ടോ ഓടിച്ചു കുടുംബം നോക്കുന്ന എത്ര ഓട്ടോക്കാരു വേറെ യുണ്ട്. താനീ വൃത്തികെട്ട പണിക്ക് ഓടുന്നതുകൊണ്ടല്ലേ ഈ നാശമൊക്കെ. കൈവെഷം തന്റെ കൈവശം തന്നെയാ."

"എന്നാലും ഞാൻ കുമ്പസാരം മുടക്കാറില്ലച്ച."

"താൻ നന്നാകുന്നില്ലെങ്കിൽപിന്നെ കുമ്പസാരോം ഇതുമായിട്ടെന്താടോ ബന്ധം?"

"എന്നാലും കുമ്പസാരിച്ചു കഴിയുമ്പോൾ മനഃസാക്ഷിക്കു വലിയ ഒരാശ്വാസമുണ്ട ച്ചോ."

"അപ്പോൾ മനഃസാക്ഷിക്കാശ്വാസം കിട്ടാൻ വന്നതാണി പ്പോഴെന്നു സാരം." അയാളുടെ ഭാഗത്തുനിന്നും ഒരു മറുപ ടിയും വന്നില്ല.

ഇങ്ങനെ മനസ്സാക്ഷി തണുപ്പിക്കാൻവേണ്ടി കുമ്പസാരക്കൂ ട്ടിലെത്തുന്ന എത്രയോപേര്! മനസ്സിലോർത്തപ്പോൾ വിഷമം തോന്നി.

'താനിതൊക്കെ എത്ര പ്രാവശ്യം കുമ്പസാരിച്ചുകാണും. വല്ല കാര്യവുമുണ്ടോ? എനിക്കിപ്പം നേരമില്ല, താൻ പോ."

അങ്ങനൊരു മറുപടി ഒട്ടും പ്രതീക്ഷിക്കാതിരുന്ന അയാൾ അമ്പരന്നെന്നെ നോക്കുമ്പോഴേക്കും എന്റെയും മനസ്സി ലൊരു പിരിമുറുക്കം. 'ഏഴെഴുപതു ക്ഷമിക്കാൻ പറഞ്ഞവൻ എന്നെപ്പിടികൂടിയെങ്കിലോ?'

"അല്ലെങ്കിൽ വാ, തന്റെ മനസ്സാക്ഷി തണുക്കട്ടെ." അയാളെ കുമ്പസാരിപ്പിച്ചു വിട്ടു. സ്വന്തം തെറ്റുതിരുത്താതെ കുമ്പസാരിച്ചിട്ടു കാര്യമില്ലെന്ന് എത്ര പ്രാവശ്യം പറഞ്ഞുകൊ ടുത്തിട്ടും അയാളുടെ വണ്ടി ഇപ്പോഴും ബിവറേജസിന്റെ വാതുക്കൽ മുടങ്ങാതെയെത്തുന്നുണ്ടെന്നെനിക്കറിയാം. 'മന സ്സാക്ഷി തണുപ്പിക്കാൻ അയാൾ വരുമ്പോൾ വല്ലാത്ത അവ സ്ഥ. മനസ്സാക്ഷി തണുപ്പിച്ച് വീണ്ടും പഴയതെറ്റുതന്നെ ചെയ്യാൻ അയാളുടെ മന സ്സൊരുങ്ങുന്നു!

മോപ്പസാങ്ങെന്ന പാശ്ചാത്യഗ്രന്ഥകാരൻ പറയുന്ന ഒരു കഥയുണ്ട്. ഒരുസംഘം വേശ്യകളൊരു ഉല്ലാസയാത്രയ്ക്കുപോയി. ചെന്നെത്തിയിടത്തൊരു പള്ളിയിൽ അതി മനോഹരമായ ദീപാലങ്കാരങ്ങളും ഗാനാലാപനങ്ങളും. അവരും അവിടെക്കയറി. പത്തി രുപത്തഞ്ചു കുട്ടികളുടെ ആദ്യകുർബ്ബാന സ്വീകരണകർമ്മം നടക്കുകയാണ്. ഹൃദയം കവരുന്ന ഗാനങ്ങൾ കളങ്കമില്ലാത്ത ആ കുഞ്ഞുങ്ങൾ പാടുന്നതുകേട്ടപ്പോൾ ആ ഉല്ലാ സയാത്രാസംഘം ഒന്നാകെ തേങ്ങിക്കരയാൻ തുടങ്ങി. ഒടുവിൽ അതൊരു കൂട്ടക്കര ച്ചിലായി. കഥയറിയാതെ ആളുകളവരെ നോക്കി. എല്ലാം കഴിഞ്ഞ് ആളുകൾ പിരി ഞ്ഞപ്പോൾ ഉല്ലാസയാത്രക്കാർ പരിപാടിനിർത്തി തിരികെപ്പോയി. അവരു കരഞ്ഞത് അവരും ഒരുകാലത്ത് അതുപോലെ മാലാഖക്കുഞ്ഞുങ്ങളായി ആദ്യകുർബ്ബാന സ്വീക രിച്ച അവസരത്തെപ്പറ്റി ഓർമ്മിച്ചതുകൊണ്ടായിരുന്നു. അവരുടെ ഇപ്പോഴത്തെ അവ സ്ഥയോർത്ത് അവർ നിലവിളിച്ചുപോയി. അതിനു പരിഹാരമായി ഉല്ലാസയാത്ര മതി യാക്കി അവരു തിരിച്ചു പോവുകയും ചെയ്തു. പക്ഷെ പിന്നെ സംഭവിച്ചതിനെപ്പറ്റി മോപ്പസാങ്ങു പറയുന്നത്, തിരിച്ചുവന്ന അന്നു രാത്രി അവരുടെ വേശ്യാപ്പണി പൂർവ്വാ ധികം ഉത്സാഹത്തോടെ അവരു ചെയ്തു എന്നാണ്. കാരണം അത്രയും കരഞ്ഞു കഴിഞ്ഞപ്പോൾ ഉള്ളിലെ കുറ്റബോധം ഒട്ടൊന്നടങ്ങി. അത്രമാത്രം. ഓട്ടോക്കാരനും ചെയ്യുന്നതങ്ങനെതന്നെ. മനസ്സാക്ഷി തണുപ്പിച്ച് ഉള്ളിലെ കുറ്റബോധമൊന്നു ശമിപ്പി ച്ചാൽ പിന്നെയും തെറ്റുചെയ്യുന്നതിന് മടുപ്പുതോന്നില്ല!

മനസിനെ ശാന്തമാക്കാൻ, കുറ്റബോധം ശമിപ്പിക്കാൻ കുമ്പസാരത്തെ മാത്രമല്ല, പാട്ടിനേയും പ്രാർത്ഥനയേയും കൂട്ടായ്മയേയും എത്രയോ പേർ കരുവാക്കുന്നു, കൂട്ടു പിടിക്കുന്നു.

---



# വിവാഹിതരുടെ ലോകം

തെക്കൻ കേരളത്തിൽ ഒരു പ്രഭാഷണത്തിനു പോയതായിരുന്നു ഞാൻ. മുതിർന്നവരും കുട്ടികളു മെല്ലാം ഉൾപ്പെട്ട ഒരു സദസ്സ്. ഞാൻ ചോദിച്ചു:

"എന്താണ് വിവാഹം?"

ഒരു ബിസിനസ്സുകാരൻ: "വിവാഹം ഊഹക്കച്ചവട മാണ്. ഒത്താൽ ഒത്തു. ഇല്ലേൽ പോയി."

ഇത് യുവതിയായ ഒരു അഡ്വക്കേറ്റിന് അത്രയ്ക്ക് ഇഷ്ടപ്പെട്ടില്ല. അവർ പറഞ്ഞു: "നിയമസാധ്യതയുള്ള ഒരു ഉടമ്പടിയാണിത്?"

കസേരയിൽ അന്തംവിട്ടിരുന്ന നാലാം ക്ലാസുകാര നോട് ഞാൻ അതേ ചോദ്യം ആവർത്തിച്ചു. ഒന്നും ആലോചിക്കാതെ അവന്റെ ഉത്തരവും വന്നു:"കല്യാണം കഴിച്ചാൽ കുട്ടികൾ ഉണ്ടാവും!!!"

ഇതൊന്നും പൂർണമായ ഉത്തരങ്ങളല്ല. സത്യത്തിൽ വിവാഹം ഒരു 'വളർത്തൽ' ആണ്. പരസ്പരം മനസ്സി ലാക്കി വളർത്താനുള്ള ബന്ധമാണു വിവാഹം. അതിനു കൂടിയാണ് വിവാഹം കഴിക്കുന്നത്. ഇതു പലരും തിരിച്ചറിയുന്നില്ല. പരസ്പരം മനസ്സി ലാക്കുന്നില്ല. അതു കുറയുന്നിടത്താണ് കുഴപ്പങ്ങൾ ഉണ്ടാവുന്നത്.

രണ്ടു ലോകങ്ങളല്ല, ഒരൊറ്റ ലോകം

കൗൺസലിങ്ങിനായി വരുന്ന ചില ഭാര്യമാർ പറയും: അങ്ങേരു വന്നാൽ ഈ ചൊവ്വേലേയ്ക്ക് 'റോക്കറ്റ്' അയയ്ക്കുന്നതും ലോക രാഷ്ട്രീയവും ഒക്കെ പറയാൻ തുടങ്ങും. അത് കേൾക്കുമ്പോഴേ ഉറക്കം വരും. എനിക്ക് അടുക്കളയിലെ പൈപ്പു ചോരുന്നതും പിള്ളേരുടെ പഠനവുമൊക്കെയാണ് പറയാനുള്ളത്. അതു കേൾക്കു മ്പോൾ അങ്ങേർക്ക് കലി വരും..." ഇത് ഭാര്യയും ഭർത്താവും രണ്ടു ലോകത്തു നിൽക്കു ന്നതുകൊണ്ടുള്ള പ്രശ്നങ്ങളാണ്.

പല ഭർത്താക്കന്മാർക്കും ഒരു വിചാരമുണ്ട്. 'ഭർത്താവിന്റെ ലോകമെന്നു പറയു ന്നത് ഒരു വലിയ ലോകമാണ്. ഭാര്യയുടെ ലോകം അടുക്കളയിലും' അതുകൊണ്ടുതന്നെ അടുക്കളയിലെ കാര്യങ്ങൾ നിസ്സാരമായിത്തോന്നാം.

ഭാര്യയുടെ തലയ്ക്കുള്ളിൽ ചെറിയ കാര്യങ്ങളാണുള്ളത്. കുഞ്ഞിന്റെ പഠനവും പൊട്ടിപ്പോയ പാത്രവും 'ലീക്ക് ചെയ്യുന്ന ടാപ്പും ഒക്കെ അവളുടെ മനസ്സിൽ നിറഞ്ഞു നിൽക്കും. ചെറിയ കാര്യങ്ങൾ പറയാൻ ഭാര്യയ്ക്ക് ആവേശമാണ്. ഭർത്താവിനാണെങ്കിൽ അതൊന്നും ശ്രദ്ധിക്കുവാൻ താൽപര്യവുമില്ല. ഇതുപാടില്ല. മനഃ പൂർവ്വം സമയം കണ്ടെത്തി പരസ്പരം കേൾക്കണം. സംസാരക്കാര്യത്തിൽ ഭർത്താവിനു പലപ്പോഴും താൽപര്യം കുറവായിരിക്കും. എന്നാൽ വിഷയങ്ങൾ കണ്ടെത്തി വിവേകത്തോടെ പങ്കുവയ്ക്കുക.

അടുക്കളയിലെ ജോലി അത്ര ചെറുതായി കാണേ ണ്ട. ഒരു കാര്യം വൃത്തിയായി ഒരു സമയത്തു ഭർത്താവു ചെയ്യുമ്പോൾ ഒത്തിരി കാര്യങ്ങൾ അല്പം വൃത്തിക്കു റവോടെ ഭാര്യ ചെയ്യും. ഒരുപാടു ജോലികൾ ചെയ്യുന്ന ഭാര്യയുടെ പണികളിൽ കടന്നുവരുന്ന വൃത്തിക്കുറവ് ഭർത്താവു കണ്ണടച്ചുകളയണം.

സ്ത്രീകൾ ചെയ്തു കൂട്ടുന്ന ജോലികൾ ഭർത്താ ക്കന്മാർ ചെയ്താൽ 'കൊലപാതകം' നടക്കും. അത്രയും ക്ഷമക്കുറവാണു പുരുഷന്മാർക്ക്. ഭർത്താവ് എന്തു ചെയ്താലും തൊട്ടുകാണിക്കുവാനുണ്ട്. അവൻ യാത്ര ചെയ്ത ദൂരവും, അവന്റെ അധ്വാനഫലവുമെല്ലാം ശ്രദ്ധിക്കപ്പെടും. ശമ്പളം മേടിക്കുന്ന ഭാര്യയുടെ പണമല്ലാതെ മറ്റൊന്നും ശ്രദ്ധിക്കപ്പെടുകയില്ല. അടുക്കളയിലെ ജോലിയും കുഞ്ഞുങ്ങളുടെ കാര്യവുമെല്ലാം ആരാണ് ശ്രദ്ധിക്കുന്നത്? അതുകൊണ്ടു ഭാര്യ എന്തുചെയ്താലും പ്രശംസയുടെ വാക്കുകൾക്ക് ഭർത്താവു പിശുക്ക് വരുത്തരു ത്. ആ വാക്കുകൾ കൊണ്ട് പരസ്പരം സ്നേഹം വളർത്താം.

## ഒന്നു കേൾക്കൂ...

*ഭാര്യ പറയുന്ന ചെറിയ കാര്യങ്ങൾ നിസാരമായി കരുതാതെ സ്നേഹത്തോടെ അത് കേൾക്കുക.*
*രണ്ടുപേർക്കും താൽപര്യമുള്ള വിഷയങ്ങൾ കണ്ടെത്തി അവ സംസാരിക്കുക.*
*പ്രശംസയുടെ വാക്കുകൾ കൊണ്ട് ബന്ധം ശക്തിപ്പെടുത്തുക.*
*സ്വസ്ഥമായി സ്നേഹത്തോടെ സംസാരിക്കാൻ സമയം കണ്ടെത്തുക.*

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# ഉപവാസം കൊണ്ട് ഉദ്ദേശിക്കുന്നത്



അമേരിക്കൻ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കണെക്കുറിച്ചു (1809–1865) ധാരാളം കഥകൾ ഇപ്പോഴും പ്രചാരത്തിലുണ്ട്. അതിന്റെ ഒരു കാരണം അദ്ദേഹത്തിന്റെ ജീവിതപശ്ചാത്തലം വളരെ വൈവിധ്യം ഉള്ളതായിരുന്നു എന്നതാണ്. പാവപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ച അദ്ദേഹം സ്വന്തം പരിശ്രമം വഴിയാണു നല്ല വിദ്യാഭ്യാസം നേടി ഒരു അഭിഭാഷകനായിത്തീർന്നത്. എന്നാൽ അതിനിടയിൽ ചെരുപ്പുകുത്തിയുടെയും തടിവെട്ടുകാരന്റെയുമൊക്കെ ജോലികൾ അദ്ദേഹം ചെയ്തിട്ടുണ്ട്.

അരോഗദൃഢഗാത്രനായിരുന്ന ലിങ്കൺ തടിവെട്ടുന്ന ജോലിയിൽ ഏറെ മികച്ചുനിന്നിരുന്നതായിട്ടാണ് അദ്ദേഹത്തിന്റെ ചരിത്രത്തിൽ നാം വായിക്കുന്നത്. ഈ പശ്ചാത്തലത്തിൽ അദ്ദേഹം ചെയ്തതായിട്ടുള്ള ഒരു പ്രസ്താവന ജന്റിസൺ ഫ്രാങ്ക്ളിൻ എന്ന ഗ്രന്ഥകാരൻ തന്റെ 'ദ ഫാസ്റ്റിംഗ്' എന്ന ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. ആ പ്രസ്താവന ഇപ്രകാരമാണ്: 'ഒരു മരംവെട്ടി മുറിച്ചിടുവാനായി ആറു മണിക്കൂർ എനിക്കു നൽകിയാൽ അതിൽ നാലുമണിക്കൂർ സമയം എന്റെ കോടാലിരാകി മൂർച്ചയുള്ളതാക്കുവാനായി ഞാൻ വിനിയോഗിക്കും."

നാം ഉപയോഗിക്കുന്ന കോടാലിക്കു മൂർച്ചയില്ലെങ്കിൽ മരം വെട്ടി വീഴ്ത്തുന്ന ജോലി അസാധ്യമാകും. എന്നുമാത്രമല്ല, നാം നമ്മുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുകയും ചെയ്യും. എന്നാൽ, കുറെ സമയം വിനിയോഗിച്ചു കോടാലിയുടെ മൂർച്ച നാം വീണ്ടെടുക്കുകയാണെങ്കിൽ മരം മുറിക്കുന്ന ജോലി എളുപ്പമായി മാറും. ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമൊക്കെ നമ്മുടെ ജീവിതത്തിന് എങ്ങനെ മൂർച്ച കൂട്ടുവാൻ സാധിക്കും എന്നു ചൂണ്ടിക്കാണിക്കുവാനാണു ഫ്രാങ്ക്ളിൻ എന്ന എഴുത്തുകാരൻ ലിങ്കന്റെ കഥ അവതരിപ്പിച്ചിരിക്കുന്നത്. നാമെല്ലാവരുംതന്നെ വിവിധ രീതിയിൽ ഉപവാസം അനുഷ്ഠിക്കാറുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ ഉപവാസം വെറുതെ ഒരു ആചാരം മാത്രമായി അധഃപതിക്കാനിടയുണ്ട്. തന്മൂലം, നാം ഉപവാസം അനുഷ്ഠിക്കുമ്പോൾ അതിന്റെ ശരിയായ ലക്ഷ്യം നാം മറന്നുപോകാനിടയാകരുത്.

നമ്മുടെ ഉപവാസത്തിന്റെ ഒരു പ്രധാന ലക്ഷ്യം വഴിവിട്ടുപോകുന്ന നമ്മുടെ ജീവിതത്തെ, നിയന്ത്രണവിധേയമാക്കി അതിനെ നേരായ വഴിയിലൂടെ മുമ്പോട്ടു കൊണ്ടുപോകുക എന്നുള്ളതാണ്. എന്നാൽ, അതു സ്വന്തം ശക്തിയാൽ സാധിക്കുന്ന കാര്യമല്ല. അതിനു ദൈവത്തിന്റെ സഹായം കൂടിയേ തീരു. ദൈവത്തിന്റെ ഈ സഹായം എപ്പോഴും സ്വീകരിക്കുന്നതിനു നമ്മെ ഒരുക്കുക എന്നുള്ളതാണു നമ്മുടെ ഉപവാസത്തിലൂടെ നാം ലക്ഷ്യം വയ്ക്കേണ്ടത്.

നാം ഉപവസിച്ചതിനു ശേഷവും നമ്മുടെ ജീവിതത്തിലെ നൈർമല്യവും വിശുദ്ധിയും ദൈവസ്നേഹവും സഹോദരസ്നേഹവുമൊന്നും വർധിക്കുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിനു മൂർച്ച കൂടിയിട്ടില്ലെന്നു വ്യക്തം. അതായത്, നമ്മുടെ ഉപവാസം ഒരു പരാജയമാണെന്നു സാരം.

എന്നാൽ, ദൈവാനുഗ്രഹം ആത്മാർത്ഥമായി യാചിച്ചുകൊണ്ടാണു നാം ഉപവസിക്കുന്നതെങ്കിൽ തീർച്ചയായും നമ്മുടെ ഉപവാസം വിജയിക്കുമെന്നതിൽ സംശയം വേണ്ട. തന്മൂലം, നമ്മുടെ ഉപവാസത്തിന്റെ പ്രധാനം ഘടകം പ്രാർത്ഥനയായിരിക്കണം. നിരന്തരമായ പ്രാർത്ഥനയും ദൈവവചന വായനയുമൊക്കെ നമ്മുടെ ഉപവാസത്തിന്റെ ഘടകമായി മാറുമ്പോൾ നമ്മുടെ ജീവിതത്തിൽ അത്ഭുതകരമായ മാറ്റങ്ങൾതന്നെ സംഭവിക്കും. ദൈവം ആഗ്രഹിക്കുന്നതുപോലെ നമ്മുടെ ജീവിതത്തിലെ തിന്മകൾ നാം നിർമാർജനം ചെയ്യും. അതോടൊപ്പം നന്മ ചെയ്യുന്ന മനുഷ്യരായി നാം മാറുകയും ചെയ്യും.

നമ്മുടെ ഉപവാസത്തിനു മറ്റൊരു ലക്ഷ്യം കൂടിയുണ്ട്. നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലെ തെറ്റുകുറ്റങ്ങളെക്കുറിച്ചു പശ്ചാത്തപിച്ച് അവയ്ക്കു പരിഹാരം ചെയ്യുക എന്നുള്ളതാണ് ആ ലക്ഷ്യം. മനുഷ്യർ എന്ന രീതിയിൽ ധാരാളം ബലഹീനതകൾ നമുക്കുണ്ട്. തന്മൂലം, പലപ്പോഴും നാം ഗൗരവമുള്ള പല തെറ്റുകളും ചെയ്തുപോകുന്നു. ആ തെറ്റുകളെക്കുറിച്ച് ആത്മാർത്ഥമായി പശ്ചാത്തപിക്കുവാനും അവയ്ക്കു ന്യായമായ രീതിയിൽ പരിഹാരം ചെയ്യുവാനും നമുക്കു സാധിക്കണം. പ്രത്യേകിച്ചും നാം മറ്റുള്ളവർക്കെതിരായി ചെയ്യുന്ന തെറ്റുകളുടെ കാര്യത്തിൽ.

നമ്മുടെ അനുദിന ജീവിതത്തിൽ സത്യത്തിനും നീതിക്കും വിരുദ്ധമായ രീതിയിൽ മറ്റുള്ളവരോടു പല തെറ്റുകളും നാം ചെയ്യാറുണ്ട്. അവയെക്കുറിച്ചു നാം പശ്ചാത്തപിച്ചാൽ മാത്രം പോരാ. അവയ്ക്കു സാധിക്കുന്ന രീതിയിൽ നാം പരിഹാരം ചെയ്യുകയും വേണം. എങ്കിൽ മാത്രമേ നമ്മുടെ ഉപവാസത്തിനു ഫലമുണ്ടാകൂ.

നാം അനുഷ്ഠിക്കുന്ന ഉപവാസവും, പ്രാർത്ഥനയും, വചനധ്യാനവും നമ്മുടെ ജീവിതത്തിന്റെ നൈർമല്യവും വിശുദ്ധിയുമൊക്കെ ഏറെ വർധിപ്പിക്കുമെന്നു നമുക്ക് ഉറപ്പുവരുത്താം. അപ്പോൾ നാം നടക്കുന്നതു നേരായ വഴിയിലൂടെ തന്നെയായിരിക്കും എന്നതിൽ സംശയം വേണ്ട.



# അശ്ലീലത്തിലും മുന്നിൽ

മനുഷ്യനെ മനുഷ്യനല്ലാതാക്കി മാറ്റുന്ന മാരക രതിലഹരിയായി സൈബർ സെക്സ് മാറിക്കഴിഞ്ഞു. ആയിരക്കണക്കിനാളുകളാണ് ഈ ലഹരിക്കടിമയായിരിക്കുന്നത്. കൊക്കെയ്നോ, കഞ്ചാവോ, ചരസോ പോലെ സൈബർ സെക്സും ഒരു അധോലോകമായിക്കഴിഞ്ഞു.

ഈ കെണിയിൽ വീഴുന്നവരെ രക്ഷിക്കുക ക്ലേശകരമാണെന്ന നിലയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. മയക്കുമരുന്നിന് അടിമകളാകുന്നതുപോലെ പതിനായിരങ്ങളാണ് ലൈംഗിക അരാജകത്വത്തിന് അടിമകളാകുന്നത്. ഇക്കൂട്ടരെ നല്ല ജീവിതത്തിലേക്കു തിരിച്ചു കൊണ്ടുവരാനുള്ള സംവിധാനങ്ങളുമില്ല.




അമ്പതുലക്ഷത്തിലധികം അശ്ലീല വെബ്സൈറ്റുകൾ സൈബർ ലോകത്തുണ്ടെന്നാണ് കണക്ക്. അശ്ലീല സെക്സിന്റെ തലസ്ഥാനം അമേരിക്കയാണ്. പക്ഷേ ഇന്ത്യയിലെ ജനങ്ങളാണ് അശ്ലീല സൈറ്റിന്റെ ഏറ്റവും വലിയ ഉപയോക്താക്കൾ. പതിനായിരം കോടി ഡോളറിലധികം വരുമാനമുണ്ടാക്കുന്ന വലിയ വ്യവസായ സാമ്രാജ്യമാണ് അശ്ലീലസൈറ്റിന്റെ മഹാപ്രപഞ്ചം.

സൈബർ സെക്സിന്റെ വിശാല സാമ്രാജ്യത്തിൽ കേരളത്തിന്റെ സാന്നിധ്യവുമുണ്ട്. മലയാളത്തിൽ അശ്ലീല സാഹിത്യത്തിന്റെ വലിയ ശേഖരം തന്നെയാണുള്ളത്. മലയാളത്തിലുള്ള അശ്ലീല സാഹിത്യം വ്യവസായമാക്കി ലാഭമുണ്ടാക്കുന്ന സംരംഭകർ പോലും കൊച്ചു കേരളത്തിലുണ്ട്. സൈബർ സെല്ലിൽ വരുന്ന പരാതികളിൽ നല്ലൊരു പങ്കും ഏതെങ്കിലും തരത്തിലുള്ള അശ്ലീല സെക്സുമായി ബന്ധപ്പെട്ടവയാണ്. മലയാളികൾ ഇന്റർനെറ്റും ഫോണും അരുതാത്ത വഴികളിലൂടെ ഉപയോഗിക്കുമ്പോൾ തകരുന്നത് കുടുംബ ബന്ധങ്ങൾ കൂടിയാണ്. കുടുംബകോടതികളിൽ കേസുകളുടെ എണ്ണവും കൂടിവരികയാണ്.

പലരുടെയും ഫോൺ ശൃംഗാരം വർധിക്കുന്നതിന്റെ പ്രധാന കാരണം അശ്ലീല വീഡിയോയും അതിനോടനുബന്ധിച്ച ഫോൺ സംഭാഷണങ്ങളുമാണെന്ന് പോലീസ് പറയുന്നു. പോലീസിന്റെ സൈബർ സെൽവിഭാഗത്തിൽ എത്തുന്ന പരാതികളിൽ കൂടുതലും സ്ത്രീകളുമായി ബന്ധപ്പെട്ടുള്ളതാണ്. ഫോൺ വിളിച്ച് ശല്യം ചെയ്യുന്നതും അശ്ലീല സംഭാഷണങ്ങൾ നടത്തുന്നതിനെക്കുറിച്ചുമുള്ള നിരവധി പരാതികളാണ് ദിവസേന സൈബർ സെല്ലുകളിലെത്തുന്നത്.

കേരളത്തിലെ ആയിരം ഇന്റർനെറ്റ് ഉപയോക്താക്കളിൽ ഗൂഗിൾ നടത്തിയ പഠനത്തിൽ പത്തിൽ ഏഴുപേരും ദിവസത്തിലൊരു തവണയെങ്കിലും നെറ്റിൽ ലൈംഗിക വിഷയങ്ങൾ തിരയുന്നുവെന്നാണ് കണ്ടെത്തിയിരിക്കുന്നത്. 2014 ഏപ്രിലിലാണ് ഗൂഗിൾ ഇതു പുറത്തുവിട്ടത്. തിരുവനന്തപുരം ടെക്നോപാർക്കിലെ സോഷ്യൽ ടെക്നോളജീസുമായി ചേർന്നാണ് ഗൂഗിൾ കേരളത്തിൽ പഠനം നടത്തിയത്. ഫെയ്സ് ബുക്കും, വാട്സാപ്പും വന്നതോടെ സ്വകാര്യമായി, സ്വതന്ത്രമായി ഇത്തരം അശ്ലീല വീഡിയോകൾ കാണാമെന്നത് കൂടുതൽ സൗകര്യമായിരിക്കുകയാണ്. നെറ്റിൽ കയറി അശ്ലീല ഫോൺ സംഭാഷണങ്ങൾ കേൾക്കുന്നവരുടെ എണ്ണവും വർധിച്ചുവരികയാണത്രേ. സദാചാര മൂല്യങ്ങളെ വലിച്ചെറിയുന്ന ചതിക്കുഴികളിലേക്കാണ് ഈ യാത്രയെന്നു പലരും തിരിച്ചറിയുന്നില്ല.

രാജ്യത്തെ ഓൺലൈൻ അശ്ലീല പ്രസിദ്ധീകരണങ്ങളിൽ കേരളം ഒന്നാമതാണെന്നാണ് ഒടുവിലായി നടത്തിയ സർവേയിൽ വ്യക്തമായിരിക്കുന്നത്. രാജ്യത്തെ ഓൺലൈൻ അശ്ലീല പ്രസിദ്ധീകരണങ്ങളിൽ 27 ശതമാനവും കേരളത്തിൽ നിന്നാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിലാണ് ഇത് വ്യക്തമാക്കിയിരിക്കുന്നത്. സ്ത്രീകളടക്കം ആയിരക്കണക്കിനാളുകളാണ് ദിവസവും ഇത്തരം പ്രസിദ്ധീകരണങ്ങളെ ആശ്രയിക്കുന്നത്. മറ്റൊരു സംസ്ഥാനത്തും ഇത്രയധികം ആവേശം ആരും കാണിക്കുന്നില്ലെന്ന് നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ റിപ്പോർട്ട് വ്യക്തമാക്കുന്നു. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ആത്മീയത്തിലും മുന്നിലുള്ള കേരളം അശ്ലീലത്തിലും മുന്നിലെത്തിയതു വിചിത്രമാണ്. അശ്ലീലങ്ങൾ കാണുക മാത്രമല്ല, ജീവതത്തിൽ പകർത്താനും ശ്രമിക്കുമ്പോഴാണ് വഴിവിട്ട ബന്ധങ്ങളിലേക്കും കുറ്റകൃത്യങ്ങളുടെ അരാജകത്വത്തിലേക്കും എത്തിച്ചേരുന്നത്. സൈബർ സെക്സ് ഒരു ലഹരിയാണ്. വഴിതെറ്റിക്കുന്ന, ജീവിതത്തെ തകർത്തുകളയുന്ന, പടുകുഴിയിൽ ചാടിയ്ക്കുന്ന ഒരു ചതിയാണെന്ന് ഇനിയെങ്കിലും തിരിച്ചറിയേണ്ടിയിരിക്കുന്നു.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**പരിണാമവാദം അന്ധവിശ്വാസമാണെന്നും പരിണാമവാദസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ഡാർവ്വിൻ അല്ലെന്നും പറയാനുള്ള കാരണം?**

**പ്രദീപ് ചെറുതുരുത്തി, രായമംഗലം, കുറുപ്പുംപടി, പെരുമ്പാവൂർ**

## കഴിഞ്ഞലക്കം തുടർച്ച

ഡാർവ്വിസത്തിനും വളരെ മുമ്പ് 1855-ൽ തന്നെ പരിണാമത്തെപ്പറ്റി സൂചിപ്പിച്ചുകൊണ്ടുള്ള വാലസിന്റെ (Alfred Russel Wallace, 1823-1913)ലേഖനങ്ങൾ വന്നു തുടങ്ങിയിരുന്നു. 1858-ൽ "On the Tendency of Varieties to Depart Indefinitely from the Original Type "എന്ന പേപ്പർ വാലസ് തയ്യാറാക്കി. "On the Origin of Species by means of Natural Selection, or the Preservation of Favoured races in the Struggle for Life" അടുത്ത വർഷം (1859-ൽ) പ്രസിദ്ധീകരിക്കപ്പെട്ടു.

വാലസ് തുടർന്നും ശാസ്ത്ര പ്രവർത്തനങ്ങളിൽ മുഴുകുകയും പിന്നെയും പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹത്തെ സ്വാധീനിച്ച ആത്മീയചിന്തകളും (Spiritualism) തദനുബന്ധ പ്രവർത്തനങ്ങളുമാണ് പിന്നീടദ്ദേഹത്തെ നയിച്ചത്. പരിണാമത്തിന്റെ കാര്യത്തിൽ പോലും മനുഷ്യരുടെ പരിണാമത്തെ സ്വാധീനിക്കുന്നത് ദൈവിക ശക്തിയാണ് എന്നായിരുന്നു വാലസിന്റെ മതം.

### പരിണാമ വിവാദങ്ങൾ

ഡാർവിന്റെ ഗ്രന്ഥം അദ്ദേഹം പ്രതീക്ഷിച്ചതുപോലെ ഉടനടി കൊടുങ്കാറ്റൊന്നും ഉയർത്തിവിട്ടില്ല. പുസ്തകം വേഗം വിറ്റുപോയി എന്നത് ശരിതന്നെ. പക്ഷേ ആധുനിക ശാസ്ത്രത്തിലെ ഏറ്റവും വിപ്ലവകരമായത് എന്ന് വിശേഷിപ്പിച്ചിട്ടുള്ള പരിണാമമെന്ന ഈ ആശയം ശാസ്ത്രരംഗത്ത് ഉടനടി അത്രയ്ക്ക് സ്വീകാര്യമായില്ല. ഒന്നാമത്, പരിണാമത്തിലൂടെ ജൈവവൈവിദ്ധ്യം വളർന്നുവരാനായി ഭൂമിയുടെ ആയുസ്സ് വളരെയധികം നീളുന്നതായി സങ്കൽപ്പിക്കേണ്ടിവന്നു. അക്കാലത്തെ പണ്ഡിതാ ഗ്രേസരനായിരുന്ന കെൽവിൻ പ്രഭു തീരുമാനിച്ചിരുന്നതിനേക്കാളും വളരെ വളരെ അധികമായിരുന്നു ഇത്. മറിച്ചുള്ള തെളിവുകളൊന്നും അന്ന് ലഭ്യവുമായിരുന്നില്ല. രണ്ടാമതായി, ഒരു ജീവിവർഗം പരിണാമത്തിലൂടെ മറ്റൊന്നായി മാറുമ്പോൾ രണ്ടിനും ഇടയ്ക്കുള്ള കുറെ ഇടത്തട്ടുകൾ കാണണമല്ലോ. പക്ഷെ അനേകായിരം ഫോസിലുകൾ കണ്ടെത്തിയെങ്കിലും ഇത്തരം ഇടത്തട്ടുകളൊന്നും തന്നെ കാണപ്പെട്ടിരുന്നില്ല. ഇതും സംശയാലുക്കളെ വർദ്ധിപ്പിച്ചു. അതുപോലെ തന്നെ, പരിണാമം കൊണ്ട് കണ്ണ് വളർന്നുവരാമെങ്കിലും പൂർണവളർച്ചയെത്തിയ കണ്ണിനല്ലാതെ കണ്ണിന്റെ തുടക്കം മാത്രം കൊണ്ട് ജീവിക്ക് പ്രയോജനമൊന്നുമില്ലല്ലോ? അപ്പോൾ അതെങ്ങനെ അതിനെ കൂടുതൽ ജീവയോഗ്യമാക്കും? ഇതും പരിണാമവാദികളെ വിഷമിപ്പിച്ചു. ഏറ്റവും പ്രധാന പ്രശ്നം, 'സ്പീഷീസുകളുടെ ഉത്ഭവം' എന്നായിരുന്നു ഗ്രന്ഥത്തിന്റെ പേരെങ്കിലും ജീവികളുടെ പരിണാമത്തെപ്പറ്റിയല്ലാതെ സ്പീഷീസുകളുടെ ഉത്ഭവത്തെപ്പറ്റി അതിലൊന്നും പറഞ്ഞിരുന്നില്ല എന്നതാണ്. ഇതൊക്കെ ഡാർവിൻ തന്നെ അംഗീകരിച്ച പ്രതിസന്ധികളാണ്. എങ്കിലും പരിണാമം എന്ന സങ്കൽപ്പത്തിൽ അദ്ദേഹം ഉറച്ചുനിന്നു.



അഗാസ്സിസ് (Jean Louis Rodolphe Agassiz), സെട്ഗ്വിക് (Adam Sedgwick), ഹെർശേൽ (John Herschel), ജോൺ സ്ടുവാർട്ട് മിൽ (John Stuart Mill), റിച്ചാർഡ് ഓവൻ (Richard Owen) തുടങ്ങിയ ശാസ്ത്രജ്ഞരും ചിന്തകരും ഡാർവിനിസത്തെ എതിർത്തിരുന്നു.

ഇതോടെ ഡാർവിനെ അപഹസിച്ചുകൊണ്ടുള്ള ലേഖനങ്ങളും ഗ്രന്ഥങ്ങളും കാർട്ടൂണുകളും പ്രചരിച്ചു. 1860-ൽ ഒക്സ്ഫോഡിൽ വച്ച് നടന്ന ചർച്ചയാണ് അവയിൽ ഏറ്റവും പ്രസിദ്ധം. പതിവുപോലെ ഡാർവിൻ സന്നിഹിതനായിരുന്നില്ല. വിശ്വസ്ത സുഹൃത്തും ഡാർവിന്റെ ബുൾപ്പട്ടി ("Darwin's Bulldog") എന്ന് പ്രസിദ്ധനുമായ തോമസ് ഹെൻറി ഹക്സ്ലി ആയിരുന്നു പരിണാമത്തിന്റെ പ്രയോക്താവ്. യോഗത്തിൽ ആദ്യം പ്രസംഗിച്ച ഓക്സ്ഫോഡ് ബിഷപ്പ് സാമുവേൽ വിൽബർഫോസ് പുച്ഛത്തോടെ ഹക്സ്ലിയോട് തിരിഞ്ഞ് ചോദിച്ചു 'സർ, അങ്ങ് അമ്മയുടെ ഭാഗത്ത് നിന്നാണോ അഛന്റെ ഭാഗത്ത് നിന്നാണോ കുരങ്ങന്റെ പൈതൃകം സ്വീകരിച്ചത്' എന്ന്. തന്റെ ഊഴം വന്നപ്പോൾ നിർഭയനായ ഹക്സ്ലി തിരിച്ചടിച്ചു 'തനിക്കറിയാത്ത കാര്യങ്ങളെപ്പറ്റി വിഡ്ഢിത്തം പുലമ്പുന്ന ഒരു ബിഷപ്പിനെക്കാളും ഒരു കുരങ്ങന്റെ പൈതൃകമാണ് തനിക്ക് അഭികാമ്യം' എന്ന്! ഇതുതന്നെയാണ് ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നത്. പരിണാമവാദത്തിന് എതിരായ ചോദ്യങ്ങൾക്കോ വിമർശനങ്ങൾക്കോ കാര്യകാരണസഹിതം തെളിവുകൾ ചൂണ്ടിക്കാണിച്ച് വ്യക്തമായ ഒരു മറുപടി നൽകുവാൻ ഇന്നുവരെ ഒരു പരിണാമവാദിക്കും സാധിച്ചിട്ടില്ല.

**ഈജിപ്തുകാർ ദേശാഭിമാനികളും വർഗ്ഗബോധം കുടികൊള്ളുന്നവരും എബ്രായരെ കഠിനമായി വെറുത്തിരുന്നവരുമാണ്.എബ്രായരുമായി ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതുപോലും മിസ്രയീമ്യർക്ക് വെറുപ്പ് ആയിരുന്നു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഒരു സ്വപ്നം വ്യാഖ്യാനിച്ചു എന്നതിന്റെ പേരിൽ വിദേശിയും ഇടയവംശജനുമായ യോസേഫിനെ ഈജിപ്തിന്റെ ഭരണാധികാരിയാക്കി എന്നത് അസംഭവ്യമായ ഒരു കാര്യമാണ്. ബൈബിളിന്റെ നുണപ്രസ്താവനയ്ക്ക് ചരിത്രപരമായ ഒരു വിശദീകരണം നൽകുവാൻ വേദാഭിമാനിക്ക് സാധിക്കുമോ.**

**സതീഷ് മുത്തേടം, പൂമല, പെണ്ണുക്കര, ചെങ്ങന്നൂർ**

ഹീബർ എന്ന പദത്തിന് കടന്നുവന്ന ആൾ എന്നാണ് അർഥം. അതായത്, യൂഫ്രട്ടീസ് നദിയുടെ അക്കരെയുള്ളവരായിരുന്നു അവർ. ഏതാണ്ട് ക്രി.മു.2100-ൽ ജൂതന്മാരുടെ പൂർവ്വന്മാർ മൃതസമുദ്രത്തിനും മധ്യധരണ്യാഴിയുടെ കിഴക്കെ തീരത്തിനും ഇടയ്ക്കുള്ള പലസ്തീനിൽ കുടിയേറിപ്പാർത്തു. അന്ന് ആ പ്രദേശത്തിന് 'കനാൻ' എന്നായിരുന്നു പേർ. ഈ വംശത്തിന്റെ സ്ഥാപകൻ അബ്രഹാമായിരുന്നു. അബ്രഹാം ജനിച്ചത് ബാബിലോണിയയിലെ 'ഊർ' നഗരത്തിലാണ്. അദ്ദേഹം കുടുംബസമേതം ബാബിലോണിയയിൽനിന്ന് പലായനം ചെയ്ത്, പല കേന്ദ്രങ്ങളും സന്ദർശിച്ച് അവസാനം കനാനിൽ സ്ഥിരതാമസം സ്വീകരിച്ചു. ഇദ്ദേഹത്തിന്റെ പൗത്രന് 'യാക്കോബ്' എന്നും ഇസ്രായേൽ എന്നും പേരുണ്ടായിരുന്നു. ഇസ്രായേലിന്റെ പിൻമുറക്കാരായതിനാൽ ജൂതന്മാരെ 'ബനുഇസ്രാഈൽ' (ഇസ്രാഈൽ സന്തതികൾ) എന്ന് വിളിക്കുന്നു.

യാക്കോബിന്റെ പുത്രനായ യോസേഫ് ഈജിപ്തിൽ വാണ കഥ ബൈബിളും ഖുർആനും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പലരും ധരിച്ചുവശായിട്ടുള്ളത് യോസേഫ് ഫറോവയുടെ ഒരു ഉദ്യോഗസ്ഥനായിരുന്നുവെന്നാണ്. ഇത് ശരിയല്ല. ഈജിപ്തിന്റെ നിയന്ത്രണം മിക്കവാറും യോസേഫിന്റെ അധീനത്തിലായിരുന്നു.



ഉൽപത്തിപുസ്തകത്തിൽ പറയുന്ന വംശാവലിയനുസരിച്ച് അബ്രഹാമിന് 'കെതൂറ' എന്ന ഭാര്യയിൽ ജനിച്ച സന്തതികളുടെ കൂട്ടത്തിൽ ഒരാളുടെ പേർ മിദ്യാൻ എന്നായിരുന്നു. മിദ്യാന്റെ പിൻമുറക്കാരായിരിക്കണം മിട്ടാനി വംശക്കാർ. യാക്കോബി (ഇസ്രായേൽ)ന്റെ കാലത്തുതന്നെ മിദ്യാന്യർ സമർഥരായ സാർഥവാഹകരായിരുന്നു. അവർ ഗിലയാദിൽ (സിറിയ) നിന്നു സാമ്പ്രാണിയും സുഗന്ധപ്പശയും സന്നിനായകവും ഒട്ടകപ്പുറത്തു കയറ്റി, മിസ്രയീമിൽ (ഈജിപ്ത്) കൊണ്ടുപോയി കച്ചവടം നടത്തിയിരുന്നു. ഇവരാണ് യാക്കോബിന്റെ പുത്രനായ യോസേഫിനെ തന്റെ സഹോദരന്മാരിൽനിന്നും വാങ്ങി, ഈജിപ്തിൽ കൊണ്ടുപോയി വിറ്റത്. വാസ്തവത്തിൽ അറബികളായിരുന്നു ഇവർ. അറബികളെ പൊതുവിൽ 'യിശ്മായേല്യർ' എന്നാണ് വിളിച്ചിരുന്നത്.

ഇവിടെ നമുക്ക് ആലോചിക്കുവാനുള്ളത് വെറുമൊരു സ്വപ്നവ്യാഖ്യാനത്തിന്റെ പേരിൽ എബ്രായനായ അടിമയ്ക്ക് ഇത്ര വലിയ പദവി കല്പിച്ചരുളുമോ എന്നാണ്. ഈജിപ്തുകാരാണെങ്കിൽ അതിനുമാത്രം ദേശാഭിമാനികളും വർഗീയബോധം പരമാവധി കുടികൊള്ളുന്നവരുമായിരുന്നുവെന്ന് ബൈബിൾ തന്നെ നമുക്ക് മനസ്സിലാക്കിത്തരുന്നുണ്ട്. എബ്രായരെ അവർ കഠിനമായി വെറുത്തിരുന്നു. അവരൊന്നിച്ചു ഭക്ഷണം കഴിക്കുന്നതുകൂടി മിസ്രയീമ്യർക്ക് അറപ്പായിരുന്നു.

നാട്ടുകാരുടെ പൊതുവായ പെരുമാറ്റം ഇങ്ങനെയായിരുന്നുവെങ്കിലും ഭരണകൂടത്തിന്റെ നയം മറിച്ചായിരുന്നു. ഭരണകൂടം എബ്രായവംശക്കാരോട് കാണിച്ച മമതയും സുഹൃത്ഭാവവും നിസ്തുലമായിരുന്നു. യോസേഫിന്റെ അപ്പനേയും സഹോദരന്മാരേയും ആ വംശത്തെ ആകെയും ഈജിപ്തിൽ കൊണ്ടുവന്നു പാർപ്പിക്കുന്നതിൽ ഫറോവക്കുള്ള താല്പര്യം നോക്കൂ: അവരെ കൊണ്ടുവരേണ്ടതിനായി രഥങ്ങളും മറ്റും അയച്ചുകൊടുപ്പാൻ ഫറോവ കല്പിക്കുന്നു. മാത്രമോ, യാക്കോബ് ഈജിപ്തിൽ വെച്ച് ചരമം പ്രാപിച്ചപ്പോൾ ഏഴുദിവസം രാഷ്ട്രം ദുഃഖാചരണം നടത്തുന്നു.

ഇതെല്ലാം ചരിത്രപ്രധാനമായ ഒരു വസ്തുതയിലേക്കാണ് വിരൽചൂണ്ടുന്നത്. നിലവിലിരുന്ന ഭരണാധിപതികളും എബ്രായരും ഒരേ വർഗക്കാരായിരുന്നുവെന്നുള്ളതാണ്. സെമിറ്റിക്കുകാരുടെ (ഹെക്സോസുകളുടെ) ആധിപത്യമാണ് അക്കാലത്ത് ഈജിപ്തിൽ നടന്നിരുന്നത്. ആ വൈദേശികാധിപത്യത്തെ ഈജിപ്ത് ദേശാഭിമാനികൾ മനസാ ഇഷ്ടപ്പെട്ടിരുന്നില്ല. തന്നിമിത്തം ഒരു ദേശീയ വിപ്ലവത്തെപ്പറ്റി ഭരണകൂടം ആശങ്കിച്ചിരുന്നിരിക്കണം. ഇത്തരുണത്തിൽ സ്വവർഗത്തിൽ പെട്ടവരും രാഷ്ട്രത്തോടു കൂറുള്ളവരുമായ എബ്രായരുടെ സഹായം എത്രയും വിലപ്പെട്ടതായിരുന്നു. ഇതാവണം യോസേഫിനെ ഭരണാധികാരിയാക്കാനും ഇസ്രായേൽ വംശത്തെ അവിടെ കൊണ്ടുവന്നു താമസിപ്പിക്കാനും നിലവിലുള്ള ഭരണകർത്താക്കളെ പ്രേരിപ്പിച്ചത്. ആകയാൽ ഇടയരാജാക്കന്മാരുടെ ഭരണമാണ് അന്ന് ഈജിപ്തിൽ നടന്നിരുന്നത്. എബ്രായരും ആ വർഗക്കാരായിരുന്നു.

This is The Word of God
Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st May 2015
Posted on 15, 16 May 2015
Posted at R.M.S. Kayamkulam

# വീണ്ടും ചില ചുണ്ടനക്കലുകൾ



ദേശീയ ഗെയിംസ് ഉദ്ഘാടനച്ചടങ്ങിൽ അരങ്ങേറിയ ലാലിസം സംബന്ധിച്ച വിവാദങ്ങൾ ഒതുങ്ങിയെങ്കിലും ചുണ്ടനക്കലിനെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ മുറുകുകയാണ്.

ഈ വിഷയം ചർച്ച ചെയ്ത ഒരു ടെലിവിഷൻ പരിപാടിയിൽ പങ്കെടുത്തവരെ മന്ദബുദ്ധികൾ എന്നർഥംവരുന്ന വാക്കുപയോഗിച്ച് വിശേഷിപ്പിച്ച് ഒരു ഗായിക ഫേസ്ബുക്ക് പോസ്റ്റിട്ടതോടെ വിവാദം ഉയർന്ന ഫ്രീക്വൻസിയിലെത്തി. ജീവിതത്തിൽ ഇന്നേവരെ പാട്ടിന്റെ കാര്യത്തിൽ അഭിനയിച്ചിട്ടില്ല എന്നു പറയുന്നവർക്കെതിരെ സാഹചര്യങ്ങൾ ചൂണ്ടിക്കാട്ടി മറ്റുള്ളവർ... അവർക്കെതിരേ വേറേ ചിലർ..., എല്ലാം കണ്ടും കേട്ടും എരിവുകൂട്ടാൻ ആസ്വാദകർ... കമന്റുകളുടെ പൂരമാണു ഫേസ്ബുക്ക് ത്രെഡുകളിൽ നിരക്കുന്നത്. എന്തായാലും ലൈവ് ഷോകളിലെ പറ്റിക്കൽപ്പാട്ടുകൾ സംഗീതത്തിനു ഗുണകരമല്ല എന്നുറപ്പ്. ചുണ്ടനക്കാൻ എന്നെക്കിട്ടില്ല എന്ന ഉറച്ച നിലപാടുമായി സ്വരമുയർത്തിനിൽക്കുന്ന ചില ഗായകരാണു വിവാദങ്ങളിലുള്ള ഏക ആശ്വാസം.

റെക്കോർഡു ചെയ്തുവച്ച ട്രാക്ക് കേൾപ്പിക്കുമ്പോൾ മൈക്കുപിടിച്ചു പാട്ടിനൊപ്പിച്ചു ചുണ്ടനക്കി അഭിനയിക്കുന്ന ഗായകരുടെ കാലം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഈ ആളെപ്പറ്റിക്കൽ നമ്മുടെ നാട്ടിൽ മാത്രമുള്ളതല്ല. പടിഞ്ഞാട്ടുനോക്കിയാൽ മൈക്കിൾ ജാക്സൺ മുതൽ ബിയോൺസ് വരെയുള്ള മുൻനിരക്കാർക്കുപോലും പ്ലസ് ട്രാക്കിന്റെ ചരിത്രം പാടാനുണ്ട്.

1990-ലാണ് ഏറ്റവും വിവാദമായ ചുണ്ടനക്കൽ പുറത്തായത്. പ്രശസ്തരും ഗ്രാമി ജേതാക്കളുമായ മില്ലി വാനില്ലി (റോബ് പിലാത്തൂസ്, ഫാബ്മോർവൻ) ദ്വയം ലൈവ് സംഗീത പരിപാടി നടത്തുന്നു. മുൻകൂട്ടി റെക്കോർഡ് ചെയ്തുവച്ച ട്രാക്കാണ് ആസ്വാദകരെ കേൾപ്പിച്ചുകൊണ്ടിരുന്നതെന്നുമാത്രം. പാട്ടു തകർത്തു മുന്നേറുന്നതിനിടെ ട്രാക്ക് സ്കിപ്പായിത്തുടങ്ങി. തട്ടിപ്പു വ്യക്തമായതോടെ കാണികൾ ഇളകി. ഗ്രാമി അവാർഡ് പോലും തിരിച്ചുനൽകേണ്ടിവന്നത് അവരുടെ ഗതികേട്. തട്ടിപ്പിന്റെ പര്യായമായാണ് ഇന്ന് അവരുടെ പേരുകൾ ഉപയോഗിക്കുന്നത്.

പാടിക്കൊണ്ടിരുന്ന പാട്ടിനു പകരം വേറെ ട്രാക്ക് സ്പീക്കറിൽ കയറിവന്നതാണ് പ്രശസ്തയായ ആഷ്‌ലി സിംസണു വിനയായത്. സ്റ്റേജിൽ ഓടിനടന്നു ചുവടുവച്ച് സംഭവം ഒതുക്കാൻ അവർ ശ്രമിച്ചെങ്കിലും കാണികൾ സംഭവമറിഞ്ഞു.

50 സെന്റ് എന്നു പ്രശസ്തനായ കർട്ടിസ് ജയിംസ് ജാക്സനും ചുണ്ടനക്കുന്നതിനിടെ പണികിട്ടി. പാട്ടിനു പകരം ഒരു പശ്ചാത്തലസംഗീത ശകലം തുടർച്ചയായി പ്ലേ ചെയ്യപ്പെട്ടതോടെ അവിടെയും കാണികൾ ഇളകി. 2007-ലായിരുന്നു ഈ സംഭവം.

സാക്ഷാൽ മൈക്കിൾ ജാക്സൺ ചുണ്ടനക്കി അഭിനയിച്ചു എന്നുപറഞ്ഞാൽ ആരും വിശ്വസിച്ചേക്കില്ല. 1983-ൽ ഒരു ടെലിവിഷൻ പരിപാടിക്കുവേണ്ടിയാണു ജാക്സണും ആരാധകരെ പറ്റിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ പ്രകടനം അത്ര ഗംഭീരമായിരുന്നതിനാൽ ആരുമത് കാര്യമാക്കിയില്ല.

2003-ൽ മാഡിസൺ സ്ക്വയർ ഗാർഡനിൽ പറ്റിക്കൽപ്പാട്ടിനിടെ ആർ. കെല്ലിയുടെ മൈക്രോഫോൺ കൈയിൽനിന്നു താഴെ വീണിട്ടും പാട്ടു ഭംഗിയായി തുടർന്നുകൊണ്ടേയിരുന്നു. ശ്രോതാക്കൾ പക്ഷേ അലമ്പുണ്ടാക്കിയില്ല.

ജെന്നിഫർ ഹഡ്സൺ, മരിയാ കെറി, ബ്രിട്ട്നി സ്പിയേഴ്സ്, ലുസിയാനോ പവറോട്ടി എന്നിവർ തുടങ്ങി ഒബാമയുടെ സ്ഥാനാരോഹണ ചടങ്ങിൽ ബിയോൺസ് വരെ... എല്ലാവരും പൂർണമായോ ഭാഗികമായോ ചുണ്ടനക്കൽപ്പാട്ടു പാടിയവർ. ബ്രിട്ട്നിയുടെ പല പരിപാടികളിൽനിന്നും ശ്രോതാക്കൾ ഇറങ്ങിപ്പോയിട്ടുപോലുമുണ്ട്. പലയിടത്തും ഓർക്കസ്ട്ര പോലും അഭിനയിച്ചു.

ചുണ്ടനക്കിയാൽ മതി, സി.ഡി.കേൾപ്പിക്കാമെന്നു ഗായകർ നിർബന്ധിക്കപ്പെടുന്ന സാഹചര്യങ്ങൾ നിരവധിയാകാം. പറ്റില്ല എന്നു നെഞ്ചുറപ്പോടെ ഗായകർ ഒറ്റക്കെട്ടായി പറഞ്ഞില്ലെങ്കിൽ ശുദ്ധമായി പാടുന്നവരെപ്പോലും ജനം സംശയിക്കുന്നകാലം വിദൂരമല്ല.

ആത്മാർത്ഥതയില്ലാത്ത ആത്മീയത്തിലും ചുണ്ടനക്കൽ അരങ്ങ് തകർക്കുകയാണ്. ആർക്കും ഒരെതിർപ്പുമില്ല. അകത്തൊന്നുമില്ല, പുറമെ വെറുതെ കുറെ ശബ്ദകോലാഹലങ്ങൾ. എണ്ണയില്ലാത്ത വിളക്കുകൾ. ആത്മീയതയെ കച്ചവടമാക്കി വിവർത്തനം ചെയ്യുന്ന പുതിയ കാലത്തിന് ആൾക്കൂട്ടങ്ങളും ആരവാരങ്ങളും മാത്രം മതി എന്നുവന്നിരിക്കുന്നു. ആത്മീയം ആഘോഷമാക്കാൻ കള്ളന്മാരും വ്യഭിചാരികളുമായ കുറെ ന്യൂജനറേഷൻ താരങ്ങളുടെ സാന്നിധ്യം മാത്രം മതി എന്നും വന്നിരിക്കുന്നു. ഇവനെയൊക്കെ വലിച്ചുകീറി തീയിൽ ഇടാത്തത് ദൈവത്തിന്റെ മഹാദയ-കരുണ എന്നെ പറയാനുള്ളു. ആർത്തിമൂത്തുള്ള ആരവാരങ്ങൾ അവസാനം ആർത്തനാദമായി മാറാതിരിപ്പാൻ ചുണ്ടനക്കലുകൾ അവസാനിപ്പിച്ച് അനുതപിക്കാം. മാനസാന്തരപ്പെടാം. ഹൃദയത്തിൽ എണ്ണ നിറച്ച് അഗ്നിനാവുകളായി ചരിത്രം തിരുത്തിക്കുറിക്കുന്ന ചുവരെഴുത്തുകളായി മാറട്ടെ നമ്മുടെ ചുണ്ടുകൾ.

## മിനികഥ

## ആരാ കള്ളൻ

പേമാരി ക്രൂസേഡിൽ മാനസാന്തരപ്പെട്ടു എന്നു കരുതിയ കുപ്രസിദ്ധ കള്ളനെ അരികിൽ ഇരുത്തി അല്പനേരം കണ്ണടച്ച് പ്രാർത്ഥിച്ചിട്ട് ആത്മീയ നേതാവ് പറഞ്ഞു. നീ മനസ്സുവച്ച് നിന്റെ ദുഃശ്ശീലങ്ങളെല്ലാം മാറ്റണം. മാനസാന്തരപ്പെട്ട് ഒരു നല്ല മനുഷ്യനായി തീരണം. നീ മനസുവച്ചാൽ ദൈവം നിന്നെ രൂപാന്തരപ്പെടുത്തും. ഉടനെ കള്ളൻ പറഞ്ഞു. അങ്ങു പറഞ്ഞതെല്ലാം നല്ല കാര്യങ്ങളാണ് അതെല്ലാം അനുസരിക്കാനും ഞാൻ തയ്യാറാണ് പക്ഷെ എനിക്കും എന്റെ കുടുംബത്തിനും ജീവിക്കേണ്ടേ. അതിന് അങ്ങ് ആളുകളെ കളിപ്പിച്ച് രൂപാ തരപ്പെടുത്തുന്ന വഴി എനിക്കും കൂടി പറഞ്ഞുതരണം.

## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺സ്റ്റേജുകളിൽ ലാലിസംപോലെ പലതരം ഇസങ്ങൾ അരങ്ങേറുന്നു. നമ്മുടെ വേദികളിൽ എന്തിസമാണ്.

*ജോൺ വർഗ്ഗീസ്, പൈങ്ങുട്ടി, ഇലഞ്ഞി.*

☹**തോന്ന്യാസം**

☺പ്രസംഗകരുടെ മത്സര രംഗത്തേക്ക് താങ്കൾക്കും ഇറങ്ങരുതോ.

*അക്സാ ചെറിയാൻ, മുളവന,കൊല്ലം*

☹ **സ്പിരിച്വൽ സ്പോർട്ട്സിൽ തീരെ താൽപര്യമില്ല.**

☺ഘർവാപ്പസിയെക്കുറിച്ചുള്ള പ്രതികരണം.

*വി.എ.തോമസുകുട്ടി, മുള്ളിപ്ര, കാരക്കുളം.*

☹**പൂർവ്വികർ മരത്തിലായിരുന്നു താമസം എന്നു വിശ്വസിക്കുന്നവരൊക്കെ അങ്ങോട്ടു പോകുന്നതാണ് നല്ലത്.**

☺ ജയലളിതയുടെ ആരാധകൻ സ്വയം കുരിശേറി. യേശുവിന്റെ ആരാധകർക്ക് ഇതിനുള്ള ധൈര്യം ഉണ്ടോ.

*ജെ.ജോസഫ്, കൊച്ചാറ, ഇടുക്കി.*

☹ **യേശുവിനെ കുരിശാക്കി അതിൽ ഏണിവച്ച് കയറിയിറങ്ങിയുള്ള കലാപ്രകടനങ്ങളല്ലേ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്.**

☺സുവിശേഷവേല എന്താണെന്നാണ് നമ്മുടെ ശ്രേഷ്ഠദാസന്മാർ ധരിച്ചുവച്ചിരിക്കുന്നത്.

*പാസ്റ്റർ ജേക്കബ് കുര്യൻ, വെളിയന്നൂർ, തൃശൂർ.*

☹**കാശുകിട്ടുന്ന ഏജന്റ് പണി.**

☺സഭാപ്രസ്ഥാനങ്ങളുടെ നേതൃത്വസ്ഥാനത്ത് ശരിക്കുമുള്ള ന്യായാധിപന്മാർ വന്നാൽ.

*ജോയി പാറക്കടവ്, മണിപ്പുഴ, മൂലവട്ടം.*

☹**അന്യായം ഫയൽ ചെയ്യും.**

☺മൃഗമാംസവും മുയൽ മാംസവും നിരോധിച്ചു അടുത്തത് എന്തായിരിക്കും.

*ജോയി പനവേലിൽ, ഇളമ്പൽ, കൊല്ലം.*

☹ **വിഷ്ണുവിന്റെ അവതാരം എന്നുപറഞ്ഞ് മീനും നിരോധിക്കും.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul’s Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew